# ആത്മപ്രകാശിനി

## 2016 മാർച്ച്

**ആത്മപ്രകാശിനി പി. ഡി. എഫ് . ആയി താങ്കൾക്ക് എത്തിക്കുന്നതിൽ ഞങ്ങൾക്ക് വളരെ സന്തോഷം ഉണ്ട്. ആത്മപ്രകാശിനി പി. ഡി. എഫ് . ആയി ലഭിക്കുന്നവർ ഈ പ്രവർത്തനത്തെ ഓർത്ത് പ്രാർത്ഥിക്കുകയും ഇതിന്റെ സുഗമമായ നടത്തിപ്പിനായി സഹകരിക്കുകയും ചെയ്യേണ്ടതാണ്**

ആത്മപ്രകാശിനി മാസിക മുടക്കം കൂടാതെ വായനക്കാരുടെ കരങ്ങളിൽ എത്തിക്കുവാൻ സാധിക്കുന്നതിൽ സന്തോഷിക്കുന്നു. എന്നാൽ പ്രസിദ്ധീകരണ ചെലവുകൾ വളരെ വർദ്ധിച്ചിരിക്കുന്ന സാഹചര്യത്തിൽ വരിസംഖ്യ മുടങ്ങാതെ ലഭിച്ചാൽ മാത്രമേ പ്രവർത്തനം സുഗമമായി നടത്തുവാൻ സാധിക്കുകയുള്ളൂ. ആത്മപ്രകാശിനി വാർഷിക വരിസംഖ്യ വർദ്ധിപ്പിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ കുടിശികക്കാരായ വിദേശത്തുള്ളവരും അല്ലാത്തവരുമായ വരിക്കാർ ദയവായി കുടിശികയും ഈ വർഷത്തെ വരിസംഖ്യയും ചേർത്ത് അയച്ചു തന്ന് സഹകരിക്കണമേ. വിദേശത്തുള്ളവർ ചെറിയ തുകകൾക്ക് ഡോളർ ചെക്ക് അയയ്ക്കാതിരിക്കുന്നത് നന്ന്. ആത്മപ്രകാശിനിയുടെ S.B. A/c IOB Kumbanad Bank No. 043601000001492 IFSC No. IOB A 0000436 ബാങ്കിലേക്ക് ട്രാൻസ്ഫർ ചെയ്യുന്നവർ വിവരം ആഫീസിൽ അറിയിക്കേണ്ടതുമാണ് (മാനേജർ)

**The Manager**
**Athmaprakashini**
**P.B. No. 10**
**Kumbanad**
**Pathanamthitta Dist.**
**Kerala-689 547**
**India**

**Bank: Indian Overseas Bank**
**Branch: Kumbanad**
**SB account no: 043601000001492**
**IFS Code: IOBA0000436**
**DD should be in favour of “Athmaprakashini, Kumbanad”**

# Athmaprakashini

# അകത്താളുകളിൽ

സഭയും സുവിശേഷകനും ..........................
ഡോ. കെ.സി.ജോൺസൺ..........................3

വെളിപ്പാടു പുസ്തകം ..............................
ഡോ. ഒ.എം. ശാമുവേൽ ............................6

റോമർക്ക് എഴുതിയ ലേഖനം .................
ജേക്കബ് തോമസ് ........................................8

വിശ്വാസം ..................................................
ബിനോയ് മാണി ..........................................11

അപ്പത്തെ അനുഗ്രഹിക്കേണമോ? ...........
ജോഷി ജോസഫ്, മഞ്ഞാടി ....................12

ആത്മാവിന്റെ മുദ്ര ..................................
തോമസ് ഏബ്രഹാം....................................14

Local Assembly Oversight............................
Rajan Thomas ................................................15

അവന്റെ നാമം ..........................................
രത്നാ ജേക്കബ് ...........................................16

ക്രിസ്തുയേശുവിലുള്ള ഭാവം തന്നെ .........
ജോർജ്ജ് സി. വറുഗീസ് ............................17

വാർത്തകളും കുറിപ്പുകളും........................22

### *വരിക്കാരുടെ ശ്രദ്ധയ്ക്ക്*

*മാസിക സംബന്ധമായ എല്ലാ എഴുത്തുകുത്തുകളിലും നിങ്ങളുടെ മേൽവിലാസത്തോടൊപ്പം കാണുന്ന രജിസ്റ്റർ നമ്പർകൂടികാണിക്കണം.*

*നിങ്ങളുടെ മേൽവിലാസം മാറുമ്പോൾ പുതിയ വിലാസത്തൊടൊപ്പം പഴയ വിലാസവും ഞങ്ങളെ അറിയിക്കുക. വാർഷിക വരിസംഖ്യ അയച്ചുതരുവാൻ മറക്കരുത്.*

*എല്ലാ മാസവും 10 നു മാസിക തപാലിൽ അയയ്ക്കുന്നു. ഒരാഴ്ചയ്ക്കുള്ളിലും ലഭിച്ചില്ലെങ്കിൽ പോസ്റ്റോഫീസിൽ അന്വേഷിച്ചശേഷം ദയവായി ഞങ്ങളെ അറിയിക്കുക.*

## ആത്മപ്രകാശിനി

Vol. XXXV No.3

**2016 മാർച്ച്**

***എഡിറ്റർ***
ഡോ. ഒ.എം. ശാമുവേൽ

***അസോസിയേറ്റ് എഡിറ്റേർസ്***
കെ. എ. ഫിലിപ്പ്
ഡോ. കെ.സി. ജോൺസൺ

***പബ്ലിഷർ & മാനേജർ***
സി. എ. ജോർജ്ജ്

***പ്രിന്റിങ്***
ഇവാഞ്ചൽ പ്രസ്സ്, തിരുവല്ല
ഫോൺ: 0469 2630223, 2605121

**വാർഷിക വരിസംഖ്യ**
ഇന്ത്യയിൽ : 100 രൂപ (മുൻകൂർ)
വിദേശത്ത് : 1000 രൂപ (മുൻകൂർ)

***ലേഖനങ്ങൾ അയയ്ക്കേണ്ട വിലാസം***
ഡോ.ഒ. എം. ശാമുവേൽ
പി.ബി.നമ്പർ - 46
സുവിശേഷാലയം
പത്തനംതിട്ട - 689 645
ഫോൺ: 0468 2 224045

**വാർത്തകൾ, വിലാസമാറ്റം, വരിസംഖ്യ സംഭാവന, മാസിക സംബന്ധിച്ച എഴുത്തുകൾ എന്നിവ അയയ്ക്കേണ്ട വിലാസം**

മാനേജർ
**ആത്മപ്രകാശിനി**
പി.ബി.നമ്പർ : 10
കുമ്പനാട് 689 547
ഫോൺ : 0469 2664314 (O)
0469 3206101 (R)
9947740176 (Mob)
E- mail : - athmaprakashini@gmail.com

# സഭയും സുവിശേഷകനും

**ഡോ. കെ.സി. ജോൺസൺ, മാവേലിക്കര**

*യൂആങ്ഗെലിസ്റ്റേസ്* (euaggelistes) എന്ന ഗ്രീക്കുപദത്തിന്റെ മലയാളരൂപമാണ് സുവിശേഷകൻ (Evangelist) എന്നത്. സുവാർത്ത പ്രസിദ്ധമാക്കുന്ന വ്യക്തി എന്നാണ് ഈ പദത്തിന്റെ അർത്ഥം. ഈ നാമരൂപം പുതിയനിയമത്തിൽ അപ്പൊ. 21:8; എഫെ. 4:11; 2 തിമൊ. 4:5 എന്നീ മൂന്നു ഭാഗങ്ങളിലുണ്ട്. യേശുക്രിസ്തുവിന്റെ മരണ, അടക്ക, പുനരുത്ഥാനത്തിലൂടെ മനുഷ്യവർഗ്ഗത്തിനു ദൈവം ഒരുക്കിയ രക്ഷയുടെ സുവാർത്ത പ്രസിദ്ധമാക്കുന്നതിന് ദൈവം വിളിച്ചു വേർതിരിച്ച വ്യക്തിയാണ് സുവിശേഷകൻ.

ഉത്കൃഷ്ട നിയോഗത്തിന്റെ പൂർത്തീകരണത്തിനായി സ്വർഗ്ഗാരോഹണം ചെയ്ത ക്രിസ്തു കൃപാവരം നൽകി എഴുന്നേല്പിച്ചവരാണ് സുവിശേഷകന്മാർ (എഫെ. 4:7-11). ആകയാൽ ദൈവാത്മാവിന്റെ ആലോചന അനുസരിച്ച് സുവിശേഷവുമായി പുറപ്പെടുന്നതിനും വിശ്വസിക്കുന്നവരെ സ്നാനപ്പെടുത്തുന്നതിനും അവരെ ദൈവവചന സത്യങ്ങൾ പഠിപ്പിച്ച് വിശ്വാസത്തിൽ വളർത്തുന്നതിനും അങ്ങനെ അവരെ ക്രിസ്തു ശിഷ്യരാക്കുന്നതിനുമുള്ള വളരെ ഭാരിച്ച ചുമതലയാണ് സുവിശേഷകന്മാർക്കുള്ളത് (മത്തായി 28:18-20). ഈ ശുശ്രൂഷകളിൽ ഏർപ്പെടുന്ന സുവിശേഷകനും തന്റെ സഭയുമായുള്ള ബന്ധമാണ് ഈ ലേഖനം

## A. സുവിശേഷകന് സഭയോടുള്ള ഉത്തരവാദിത്തം

### 1. പ്രവർത്തനത്തെക്കുറിച്ച് സഭയെ അറിയിക്കുക

സുവിശേഷകനെ പ്രവർത്തനത്തിനായി പ്രാർത്ഥിച്ച് അയയ്ക്കേണ്ടത് സഭയാണ്. പൗലൊസിനെയും ബർന്നബാസിനെയും സുവിശേഷവേലയ്ക്കായി പ്രാർത്ഥിച്ച് അയച്ചത് അന്ത്യൊക്ക്യ സഭയാണ് (അപ്പൊ. 13:2-3). തന്റെ ഒന്നും രണ്ടും സുവിശേഷ യാത്രയ്ക്കുശേഷം പൗലൊസ് അന്ത്യൊക്ക്യ സഭയിലേക്ക് മടങ്ങി വന്ന് തന്നിൽ കൂടി ദൈവം പ്രവർത്തിച്ച വിധങ്ങളെക്കുറിച്ച് അന്ത്യൊക്ക്യ സഭയെ അറിയിച്ചിരുന്നു (അപ്പൊ. 14:26-28; 18:22,23). ഇതേ രീതിയിൽ ഇന്നത്തെ സുവിശേഷകന്മാർക്കും അവരെ പ്രവർത്തനത്തിനായി പ്രാർത്ഥിച്ച് അയയ്ക്കുന്ന സഭയോട് ഉത്തരവാദിത്തം ഉണ്ടായിരിക്കേണ്ടതാണ്.

### 2. സഭയുടെ സുവിശേഷവൽക്കരണ പ്രവർത്തനങ്ങളിൽ ഏർപ്പെടുക

സുവിശേഷവൽക്കരണം സഭയുടെ ദൗത്യമാണ് എന്ന ബോധ്യമുള്ള സഭയിലെ സുവിശേഷകന് എപ്പോഴും ആ സഭയോടു ചേർന്ന്, ആ സഭയിലെ മൂപ്പന്മാരോടും വിശ്വാസികളോടും ചേർന്ന് ഒരു ടീമായി പ്രവർത്തിക്കുന്നതിന് സാധിക്കും. സുവിശേഷകന്റെ പ്രവർത്തനത്തിന് തന്റെ സഭയുടെ പിൻബലം എപ്പോഴും ഉണ്ടായിരിക്കേണ്ടതാണ്. എന്നാൽ ഒരു പ്രാദേശിക സഭ അതിന്റെ ദൗത്യം മറക്കുമ്പോൾ ആ സഭയിലെ സുവിശേഷകന് എന്തു ചെയ്യാൻ കഴിയും? ഒന്നാമതായി, ഈ ദൗത്യം സംബന്ധിച്ച പ്രബോധനം സുവിശേഷകൻ ക്രമമായി സഭയ്ക്ക് നല്കി സുവിശേഷവൽക്കരണത്തിന് ആവശ്യമായ പ്രോത്സാഹനം നൽകുക. രണ്ടാമതായി, സമാന അനുഭവമുള്ള സുവിശേഷകന്മാർ ഒത്തു ചേർന്ന് സംഘമായി (ടീമായി) പ്രവർത്തിക്കുക. എന്നാൽ ഇത് സംഘടനാ പ്രവർത്തനമല്ല; സംഘടിച്ചുള്ള പ്രവർത്തനമാണ്. ഇങ്ങനെയുള്ള പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവർക്ക് പൗലൊസിന്റെ മിഷനറി യാത്രകൾ ഒരു മാതൃകയാണ്.

### 3. ക്രമമായ അനുധാവന പ്രവർത്തനങ്ങളിൽ ഏർപ്പെടുക

സുവിശേഷകന്മാർ വളരെ ശ്രദ്ധിക്കേണ്ട ഒന്നാണ് സഭയുടെ സുവിശേഷവൽക്കരണവുമായി ബന്ധപ്പെട്ട അനുധാവന പ്രവർത്തനങ്ങൾ. ഇതിൽ സഭകളും സുവിശേഷകന്മാരും കാണിക്കുന്ന വിമുഖത പുതിയ വിശ്വാസികളെ നമുക്ക് നഷ്ടപ്പെടുന്നതിന് ഇടയാക്കാറുണ്ട്. വളരെ ആത്മാർത്ഥമായി സുവിശേഷവൽക്കരണ പ്രവർത്തനങ്ങൾ നടത്തുന്നവർ പോലും അനുധാവനപ്രവർത്തനങ്ങളിൽ ഇന്ന് ശ്രദ്ധിക്കുന്നില്ല. പുതിയ പ്രവർത്തന മേഖലകൾ അന്വേഷിച്ച് അവർ പരക്കം പായുമ്പോൾ അവർക്ക്

ഒന്നിനും സമയമില്ല. ദൈവവചനം കേൾക്കാൻ താൽപര്യമുള്ളവരെ വീണ്ടും വീണ്ടും സന്ദർശിക്കുക, രക്ഷിക്കപ്പെട്ടവരോട് ഉപദേശപരമായ സത്യങ്ങൾ അറിയിച്ച് അവരെ ആത്മീയമായി വളർത്തുക തുടങ്ങിയ കാര്യങ്ങൾ അനുധാവന പ്രവർത്തനത്തിന്റെ ഭാഗമാണ്. പൗലൊസിന്റെ സുവിശേഷ യാത്രയിൽ സ്ഥാപിക്കപ്പെട്ട സഭകളെ താൻ വീണ്ടും സന്ദർശിക്കുന്നതും അവരെ പ്രബോധിപ്പിക്കുന്നതും അവർക്ക് ലേഖനം എഴുതുന്നതും ഇതിനോടുള്ള ബന്ധത്തിൽ ശ്രദ്ധേയമാണ് (അപ്പൊ. 14:21-23; 16:1,2; 1 തിമൊ. 1:1,2). ഉദാഹരണത്തിന് അപ്പൊ. 14:21-23 പരിശോധിക്കുക: *"ആ പട്ടണത്തിലും സുവിശേഷം അറിയിച്ചു പലരെയും ശിഷ്യരാക്കിയശേഷം അവർ ലുസ്ത്ര, ഇക്കോന്യ, അന്ത്യോക്യ എന്ന പട്ടണങ്ങളിലേക്കു മടങ്ങിച്ചെന്നു, വിശ്വാസത്തിൽ നില നിൽക്കേണം എന്നും നാം അനേകം കഷ്ടങ്ങളിൽകൂടി ദൈവരാജ്യത്തിൽ കടക്കേണ്ടതാകുന്നു എന്നും പ്രബോധിപ്പിച്ചു ശിഷ്യന്മാരുടെ മനസ്സു ഉറപ്പിച്ചു പോന്നു. അവർ സഭതോറും അവർക്കു മൂപ്പന്മാരെ നിയമിക്കയും ഉപവസിച്ചും പ്രാർത്ഥിച്ചുംകൊണ്ടു തങ്ങൾ വിശ്വസിച്ച കർത്താവിങ്കൽ അവരെ ഭരമേല്പിക്കയും ചെയ്തു."*

**4. സഭാവളർച്ചയ്ക്കുവേണ്ടി അദ്ധ്വാനിക്കുക**

രക്ഷിക്കപ്പെടുന്നവരെ സ്നാനപ്പെടുത്തുന്നതിനും അവരെ തന്റെ സഭയിലേക്ക് കൊണ്ടുപോകുന്നതിനുമുള്ള ഉത്തരവാദിത്തം ഒരു സുവിശേഷകനുണ്ട്. തന്റെ സഭ അകലെയാണെങ്കിൽ തന്റെ പ്രവർത്തനത്താൽ മുമ്പോട്ടുവന്ന വിശ്വാസികളെ സംഘടിപ്പിച്ച് ആ സ്ഥലത്ത് ഒരു പുതിയ സഭാ കൂടിവരവ് ആരംഭിക്കാവുന്നതാണ്. ഈ സഭയിൽ നിന്നും വചനം പഠിച്ചാണ് ഈ പുതിയ വിശ്വാസികൾ വളരേണ്ടത്. ദൈവസഭയ്ക്ക് സുവിശേഷകനെ ഉൾപ്പെടെയുള്ള ദാനങ്ങൾ നൽകിയതിന്റെ ആത്യന്തിക ലക്ഷ്യവും അതാണല്ലോ. *"അവൻ ചിലരെ . . . സുവിശേഷകന്മാരായും . . . . നിയമിച്ചിരിക്കുന്നു ; അതു . . . ക്രിസ്തുവിന്റെ ശരീരത്തിന്റെ (സഭയുടെ) ആത്മിക വർദ്ധനെയ്ക്കും ആകുന്നു"* (എഫെ. 4:11-13).

**5. പ്രാർത്ഥിക്കുക**

സുവിശേഷ പ്രവർത്തനത്തിൽ ഉദ്ദേശിക്കുന്ന ഫലം ലഭിക്കാത്തതിനെക്കുറിച്ചും സഭകളിലെ തണുത്ത അവസ്ഥയെക്കുറിച്ചുമുള്ള പരാതികൾ സുവിശേഷകന്മാരിൽനിന്നും നാം സാധാരണ കേൾക്കാറുണ്ട്. ഇതിന്റെ കാരണമെന്താണ്? തന്റെ പ്രവർത്തനഫലമായി ചില പുതിയ പ്രാദേശിക സഭകൾ സ്ഥാപിക്കുന്നതിനും അവയെ വളർത്തിയെടുക്കുന്നതിനും ദൈവം ഉപയോഗിച്ച ഒരു സുവിശേഷകനെ പരിചയപ്പെടുവാനിടയായി. അദ്ദേഹത്തിന്റെ വിജയ രഹസ്യം അന്വേഷിച്ചപ്പോൾ അദ്ദേഹം കാണിച്ചത് തന്റെ ഇരു കാൽമുട്ടുകളിലുമുള്ള തഴമ്പാണ്. അതിലൂടെ അദ്ദേഹം വ്യക്തമാക്കിയത് പ്രാർത്ഥനയാണ് തന്റെ വിജയത്തിന്റെ രഹസ്യം എന്നാണ്. ദൈവസഭയിൽ കർത്താവ് എഴുന്നേല്പിച്ചിട്ടുള്ള സുവിശേഷകന്മാർ പ്രാർത്ഥനാജീവിതം നയിച്ചെങ്കിൽ മാത്രമേ, അവരുടെ ശുശ്രൂഷകൾ അനുഗ്രഹിക്കപ്പെടുകയുള്ളൂ; ശുശ്രൂഷകൾക്ക് ഫലം ലഭിക്കുകയുള്ളൂ.

സഭയ്ക്കുവേണ്ടിയും സഭയിലെ വിശ്വാസികൾക്കുവേണ്ടിയും പ്രാർത്ഥിക്കുന്നതിനുള്ള കടമ ഒരു സുവിശേഷകനുണ്ട്. എപ്പഫ്രാസ് ഇന്നത്തെ സുവിശേഷകന്മാർക്ക് ഒരു നല്ല മാതൃകയാണ്. എപ്പഫ്രാസിനു കൊലൊസ്യയിലുള്ള സഭയുടെ സ്ഥാപനത്തിൽ ഒരു നല്ല പങ്കുണ്ട്. മാത്രമല്ല താൻ കൊലൊസ്യ സഭയിലെ കർത്താവിന്റെ വിശ്വസ്ത ശുശ്രൂഷകനുമാണ് (കൊലൊ. 1:8). പൗലൊസ് ഈ എപ്പഫ്രാസിനെക്കുറിച്ച് എഴുതിയിരിക്കുന്നത് *"നിങ്ങൾ തികഞ്ഞവരും ദൈവഹിതം സംബന്ധിച്ചൊക്കെയും പൂർണ്ണനിശ്ചയമുള്ളവരുമായി നിൽക്കേണ്ടതിന്നു അവൻ പ്രാർത്ഥനയിൽ നിങ്ങൾക്കു വേണ്ടി എപ്പോഴും പോരാടുന്നു"* (കൊലൊ. 4:12) എന്നാണ്. എപ്പഫ്രാസിനെപ്പോലുള്ള സുവിശേഷകന്മാർ നമ്മുടെ സഭകളിൽ ഉണ്ടെങ്കിൽ സഭകൾ അനുഗ്രഹിക്കപ്പെടും; അവിടെ ഉണർവ്വുണ്ടാകും; സഭകളുടെ അതിരുകൾ വിശാലമാകും. പ്രവർത്തന സ്ഥലത്തെക്കുറിച്ചും, സഭയിലുള്ള കുടുംബങ്ങളെക്കുറിച്ചും ഒരോ വ്യക്തിയെക്കുറിച്ചും ഭാരമുള്ളവരായിരിക്കും അവർ. അവർ പ്രാർത്ഥനയിൽ പോരാടുമ്പോൾ അതിന്റെ ഫലം അതാതു സഭകളിൽ ഉണ്ടാകുക തന്നെ ചെയ്യും.

## B. സഭയ്ക്ക് സുവിശേഷകനോടുള്ള ഉത്തരവാദിത്തം

**1. ശ്ളാഘ്യപത്രം നൽകുക (കമൻഡു ചെയ്യുക)**

ദൈവം സുവിശേഷവേലയ്ക്കായി വിളിച്ചിരിക്കുന്നവരെ അംഗീകരിച്ച് വിശ്വാസികൾക്കും മറ്റു സ്ഥലംസഭകൾക്കും പരിചയപ്പെടുത്തിക്കൊടുക്കുക എന്നത് സഭയുടെ ഉത്തരവാദിത്തമാണ്.

അത് നിർവ്വഹിക്കേണ്ടത് സഭയിലെ മൂപ്പന്മാരാണ് (3 യോഹ. 1, 12; അപ്പൊ. 18:27; 2 കൊരി. 3:1). കർത്താവിന്റെ വേലയ്ക്ക് വിളിയുള്ളവരെ മനസ്സിലാക്കുന്നതിനും അംഗീകരിക്കുന്നതിനും അവരെ പ്രോത്സാഹിപ്പിച്ച് അയയ്ക്കുന്നതിനും അവർക്ക് ശുശ്രൂഷയ്ക്ക് അവസരം നൽകുന്നതിനും നമ്മുടെ സഭകളെ ദൈവം സഹായിക്കുമാറാകട്ടെ. പൗലൊസ് ഇപ്രകാരം എഴുതി: "'*കർത്താവിന്റെ നാമത്തെ വിളിച്ചപേക്ഷിക്കുന്ന ഏവനും രക്ഷിക്കപ്പെടും' എന്നുണ്ടല്ലോ. എന്നാൽ അവർ വിശ്വസിക്കാത്തവനെ എങ്ങനെ വിളിച്ചപേക്ഷിക്കും? അവർ കേട്ടിട്ടില്ലാത്തവനിൽ എങ്ങനെ വിശ്വസിക്കും? പ്രസംഗിക്കുന്നവൻ ഇല്ലാതെ എങ്ങനെ കേൾക്കും? ആരും അയക്കാതെ എങ്ങനെ പ്രസംഗിക്കും?*" (റോമർ 10:13-15).

**2. സാമ്പത്തികമായി സഹായിക്കുക**

ഒരു സ്ഥലം സഭയിൽനിന്നും കമൻഡ് ചെയ്യപ്പെടുന്ന പൂർണ്ണസമയ സുവിശേഷകനെ സാമ്പത്തികമായി സഹായിക്കേണ്ടത് ആ സഭയുടെ ഉത്തരവാദിത്തമാണ്. കൂടാതെ, ആ സഭയിലെ ഓരോ വിശ്വാസിക്കും ആ ചുമതലയുണ്ട്. ഈ നിലയിൽ സുവിശേഷകന്റെ സഭയും അവിടെയുള്ള വിശ്വാസികളും തന്നെ സഹായിക്കുമ്പോൾ സുവിശേഷകന്റെ ആവശ്യങ്ങൾ നിറവേറ്റപ്പെടുകയും പ്രവർത്തനങ്ങൾ ഭംഗിയായി നടക്കുകയും ചെയ്യും. ആത്മീയ കാഴ്ചപ്പാടും സുവിശേഷ തല്പരരുമായ മൂപ്പന്മാരുടെ മേൽനോട്ടത്തിൽ വിശ്വസ്തമായി പണം കൈകാര്യം ചെയ്യുന്ന ശുശ്രൂഷകന്മാർ ഉള്ള സഭകളിൽ വിശ്വാസികൾ തങ്ങളുടെ സാമ്പത്തികമായ കൂട്ടായ്മകൾ സഭയെ ഏല്പിക്കുകയും സഭയിൽകൂടെ അത് വിതരണം ചെയ്യുന്നതുമാണ് അഭികാമ്യം. സ്തോത്രകാഴ്ചയായി ലഭിക്കുന്ന പണം സുവിശേഷകർക്കോ, സുവിശേഷയോഗങ്ങൾക്കോ, സുവിശേഷപ്രവർത്തനങ്ങൾക്കോ വേണ്ടി വിനിയോഗിക്കാതെ ബാങ്കിൽ ഇട്ട് പെരുപ്പിച്ച് അതിൽ രസിക്കുന്ന സഭകളിൽ വിശ്വാസികൾ നേരിട്ടുതന്നെ തങ്ങളുടെ സാമ്പത്തിക കൂട്ടായ്മകൾ വിതരണം ചെയ്യുന്നതാണ് നല്ലത്. സഭയിൽ വിവിധ ആവശ്യങ്ങൾക്ക് ശേഖരിക്കുന്ന പണം തല്ക്കാലത്തേക്ക് ബാങ്കിൽ ഇടുന്നതിനെപ്പറ്റിയല്ല ഈ പരാമർശം. അത് ചേയ്യേണ്ടതാണ്. എന്നാൽ അതാത് ആവശ്യങ്ങൾക്ക് ഉടൻ ഉടൻ അത് വിതരണം ചെയ്യുക എന്നുള്ളത് അത്യാവശ്യമാണ്.

**3. പ്രാർത്ഥിക്കുക**

സഭയിലെ സുവിശേഷകന്മാർക്ക് വേണ്ടി പ്രാർത്ഥിക്കുവാൻ സഭയ്ക്കും സഭയിലെ വിശ്വാസികൾക്കും ഉത്തരവാദിത്തമുണ്ട്. പൗലൊസ് സ്ഥാപിക്കുകയും വളരെ അദ്ധ്വാനിക്കുകയും ചെയ്ത എഫെസ്യ സഭയിലെ വിശ്വാസികളോട് പ്രാർത്ഥന ആവശ്യപ്പെടുന്നതിൽ നിന്നും അത് വളരെ വ്യക്തമാണ്. തന്റെ വാക്കുകൾ ശ്രദ്ധിക്കുക: "*ഞാൻ ചങ്ങല ധരിച്ചു സ്ഥാനാപതിയായി സേവിക്കുന്ന സുവിശേഷത്തിന്റെ മർമ്മം പ്രാഗത്ഭ്യത്തോടെ അറിയിപ്പാൻ ഞാൻ വായ് തുറക്കുമ്പോൾ എനിക്കു വചനം നൽകപ്പെടേണ്ടതിന്നും ഞാൻ സംസാരിക്കേണ്ടുംവണ്ണം അതിൽ പ്രാഗത്ഭ്യത്തോടെ സംസാരിക്കേണ്ടതിന്നും പ്രാർത്ഥിപ്പിൻ*" (എഫെ. 6:19,20).

ദൈവദാസന്മാർക്കു വേണ്ടിയുള്ള ഈ പ്രാർത്ഥന നമ്മുടെ പ്രാദേശിക സഭയെ സംബന്ധിച്ചു മാത്രം പരിമിതപ്പെടുത്തുവാൻ ദൈവം ആഗ്രഹിക്കുന്നില്ല. ചുറ്റുപാടുള്ള സഭകളിലെ സുവിശേഷകന്മാർക്കുവേണ്ടി പ്രാർത്ഥിക്കുവാനുള്ള ചുമതലയും സഭയ്ക്കുണ്ട്. തന്റെ നേരിട്ടുള്ള പ്രവർത്തനഫലമല്ലാത്ത കൊലൊസ്യ സഭയിലെ വിശ്വാസികളോടുള്ള അഭ്യർത്ഥനയിൽനിന്നും അത് വ്യക്തമാണ്. കൊലൊസ്യ വിശ്വാസികളോടുള്ള പൗലൊസിന്റെ ഈ അഭ്യർത്ഥന ശ്രദ്ധിക്കുക: "*ക്രിസ്തുവിന്റെ മർമ്മം പ്രസ്താവിപ്പാൻ തക്കവണ്ണം ദൈവം ഞങ്ങൾക്ക് വചനത്തിന്റെ വാതിൽ തുറന്നുതരികയും ഞാൻ സംസാരിക്കേണ്ടുംവണ്ണം അതിനെ വെളിപ്പെടുത്തുകയും ചെയ്യേണ്ടതിന്നു ഞങ്ങൾക്കു വേണ്ടിയും പ്രാർത്ഥിപ്പിൻ*" (കൊലൊ. 4:3,4).

ഈ വിധത്തിൽ സുവിശേഷകൻ തന്റെ സ്ഥലം സഭയുമായും സഭ സുവിശേഷകനുമായും ബന്ധം പുലർത്തുമ്പോൾ അത് സുവിശേഷത്തിനും ദൈവസഭയ്ക്കും അഭിവൃദ്ധി ഉണ്ടാകുവാൻ കാരണമാകും.

# വെളിപ്പാടു പുസ്തകം: ഒരു ലഘുപഠനം - 63

**ഡോ. ഒ.എം. ശാമുവേൽ, മാവേലിക്കര**

18-ാം അദ്ധ്യായത്തിലെ വാണിജ്യ ബാബിലോൺ ആണല്ലോ നമ്മുടെ പഠനവിഷയം. 17-ാം അദ്ധ്യായത്തിലെ മതബാബിലോന്റെ ന്യായവിധി നാം പഠിച്ചു കഴിഞ്ഞു. 18:8: "*അതുനിമിത്തം മരണം, ദു:ഖം, ക്ഷാമം എന്നിങ്ങനെ അവളുടെ ബാധകൾ ഒരു ദിവസത്തിൽ തന്നെ വരും. അവളെ തീയിൽ ഇട്ടു ചുട്ടു കളയും. അവളെ ന്യായം വിധിച്ച ദൈവമായ കർത്താവു ശക്തനല്ലോ.*"

ബാബിലോന്റെ ന്യായവിധി പെട്ടെന്നായിരിക്കും. ഒരു ദിവസം ഒരു മണിക്കൂർ എന്നീ പ്രയോഗങ്ങൾ ന്യായവിധിയുടെ വേഗതയെ കാണിക്കുന്നു. യെശ. 47:9, വെളി 18:10,16,19 എന്നീ വേദഭാഗങ്ങൾ ഇതോടു ചേർത്തു പഠിക്കുന്നത് പ്രയോജനപ്രദമാകും. സമ്പത്തുകളുടെ നാശത്താൽ ക്ഷാമം ഉണ്ടാകും. ക്ഷാമത്താൽ മരണം ഉണ്ടാകും. മരണത്താൽ ദു:ഖം ഉണ്ടാകും. ദു:ഖിച്ചിരിക്കുന്നവർ ഉൾപ്പെടെയുള്ള എല്ലാവരും പട്ടണത്തോടു കൂടെ നശിക്കും. അഗ്നിക്കിരയാകും. അക്ഷരീക ബാബിലോൺ അഥവാ വാണിജ്യബാബിലോന്റെ ന്യായവിധി ദൈവത്തിൽ നിന്ന് നേരിട്ടുള്ളതാണ്. 17-ാം അദ്ധ്യായത്തിലെ മാർമ്മിക ബാബിലോന്റെ ന്യായവിധി മനുഷ്യരാണ് നടപ്പാക്കിയത്. ഈ ന്യായവിധിയുടെ കാരണം നിഗളമാണ്. നെബുഖദ്നേസർ നിഗളിച്ചതിന്റെ ഫലമായി അവനെ ദൈവം പുല്ലു തീറ്റിച്ചു. ലൂസിഫർ നിഗളിച്ചതിന്റെ ഫലമായി ഉന്നതമായ പദവി നഷ്ടപ്പെട്ടു. അതുപോലെ നിഗളിച്ച ബാബിലോൺ നഗരത്തെയും ദൈവം ന്യായം വിധിച്ചു തള്ളിക്കളയും. അവളെ ന്യായം വിധിച്ച ദൈവമായ കർത്താവു ശക്തനല്ലോ? ദൈവത്തെക്കൊണ്ടല്ലാതെ മറ്റാരെകൊണ്ടും ഈ പട്ടണത്തിനു ന്യായവിധി നടത്തുവാൻ സാദ്ധ്യമല്ല. അതിന്റെ കാരണം ദൈവത്തിന്റെ സർവ്വശക്തിയാണ്. സർവ്വശക്തനായ ദൈവത്തിനല്ലാതെ മറ്റാർക്കും ഈ നഗരത്തെ ന്യായം വിധിച്ചു നശിപ്പിക്കുവാൻ സാദ്ധ്യമല്ല.

അവളോട് വേശ്യാസംഘം ചെയ്തു പുളെച്ചിരിക്കുന്ന ഭൂരാജാക്കന്മാർ അവളുടെ പീഡനിമിത്തം ഭയപ്പെട്ട് ദൂരത്തുനിന്നു അവളുടെ ദഹനത്തിന്റെ പുക കണ്ടു കൊണ്ട് അവളെ ചൊല്ലി കരഞ്ഞും മാറത്തടിച്ചു വിലപിക്കുകയും ചെയ്യും. 18:9,10: "*അവളോട് വേശ്യാസംഗം ചെയ്തു പുളെച്ചിരിക്കുന്ന രാജാക്കന്മാർ അവളുടെ പീഡ നിമിത്തം ഭയപ്പെട്ടു ദൂരത്തു നിന്നു കൊണ്ട് ദഹനത്തിന്റെ പുക കാണുമ്പോൾ അവളെ ചൊല്ലി കരഞ്ഞു മാറത്തടിച്ചു കൊണ്ടു അയ്യോ, അയ്യോ, മഹാനഗരമായ ബാബിലോനേ, ബലമേറിയ പട്ടണമേ, ഒരു മണിക്കൂറു കൊണ്ട് നിന്റെ ന്യായവിധി വന്നല്ലോ എന്നു പറയും.*" ബഹുരാജ്യങ്ങളുടെ വ്യാപാരം അവിടെ ഉണ്ടായിരിക്കും എന്നുള്ളത് ഇതു സ്പഷ്ടമാകുന്നു. രാജ്യാന്തര വാഹനസൗകര്യങ്ങളും രാജ്യാന്തര സർവീസുകളും അന്നും ഉണ്ടായിരിക്കും. അങ്ങനെ ബാബിലോണുമായി വ്യാപാരം നടത്തി ധനസമൃദ്ധിയുണ്ടായ ഭൂരാജാക്കന്മാർ വിചാരിച്ചാലും അവളുടെ ന്യായവിധി മാറ്റുവാൻ സാദ്ധ്യമല്ല. അത്യുന്നതനായ സർവ്വശക്തൻ അയയ്ക്കുന്ന ന്യായവിധിയാണിത്. രാജാക്കന്മാർ ഭയപ്പെടും. മാറത്തടിച്ചു കരയും. ഈ മഹാനഗരം വളരെ ബലവത്തായി പണിതീർത്ത നഗരം എന്നുള്ളതിനു സംശയമില്ല. ഒരു മണിക്കൂർ കൊണ്ടുള്ള ന്യായവിധി കുറഞ്ഞസമയത്തെ കാണിക്കുന്നു. സെക്കന്റുകൾ കൊണ്ടു നടക്കുന്ന ഭൂകമ്പങ്ങൾ ഏതു വലിയ പട്ടണത്തെയും നാമാവശേഷമാക്കുമല്ലോ? തുടർന്നുള്ള രണ്ടു വാകൃങ്ങളിൽ ബാബിലോണിലെ കച്ചവട ചരക്കുകളുടെ വിവരണം ശ്രദ്ധിക്കുക. ബ്രദർ എൻ. ജി. ജോണിന്റെ ഗ്രന്ഥത്തിൽ ഈ കച്ചവടച്ചരക്കുകളെ എട്ടായി തരം തിരിച്ചു പറഞ്ഞിരിക്കുന്നു.

1. ആഭരണങ്ങൾ - പൊന്ന്, വെള്ളി, രത്നം, മുത്ത്
2. ആഡംബര വസ്ത്രങ്ങൾ - നേരിയ തുണി, ധൂമ്രവസ്ത്രം, പട്ട്, കടുംചുവപ്പ്
3. ഗൃഹോപകരണങ്ങൾ - ചന്ദനത്തടികൾ, ആനക്കൊമ്പ്, മരം, പിച്ചള, ഇരുമ്പ്, മർമ്മരക്കല്ല്
4. സുഗന്ധവസ്തുക്കൾ - ലവംഗം, ഏലം, ധൂപവർഗ്ഗം, മൂർ, കുന്തുരുക്കം
5. ഭക്ഷണസാധനങ്ങൾ - വീഞ്ഞ്, എണ്ണ, നേരിയമാവ്, കോതമ്പ്
6. മൃഗങ്ങൾ - കന്നുകാലി, ആട്
7. ആഡംബരവാഹനങ്ങൾ - കുതിര, രഥം
8. മനുഷ്യർ - മാനുഷദേഹം, മാനുഷപ്രാണൻ

ഈ കച്ചവടച്ചരക്കുകൾ മറ്റു പട്ടണങ്ങളിലും ലഭ്യമാണ്. എന്നാൽ

ബാബിലോണിലെ സാധനങ്ങൾ ഗുണമേന്മയിൽ പേരുകേട്ടവയായിരുന്നു. ഈ കച്ചവടച്ചരക്കുകളുടെ ലിസ്റ്റിൽ ഒടുവിൽ ചേർത്തിരിക്കുന്ന മാനുഷദേഹം, മാനുഷപ്രാണൻ ഇവ പോലും കച്ചവടച്ചരക്കുകളായി അധപ്പതിച്ചിരിക്കുന്ന കാലഘട്ടത്തെക്കുറിച്ച് ഒന്നു ചിന്തിക്കുക. അടിമവേലയ്ക്കും അധാർമ്മിക പ്രവൃത്തികൾക്കും മനുഷ്യരെ വിൽക്കുന്നതിനെ ഇത് അർത്ഥമാക്കുന്നു. ദൈവം തന്റെ രൂപത്തിലും സാദൃശത്തിലും സൃഷ്ടിച്ച മനുഷ്യനെ കേവലം മൃഗസമാനം കച്ചവടച്ചരക്കാക്കുന്ന രീതിയിലുള്ള സംഭവം എത്രയോ അധപ്പതിച്ച ഒന്നായിരിക്കും എന്നോർക്കുക. മാനുഷപ്രാണനെക്കുറിച്ചുള്ള പരാമർശനം 2 പത്രൊസ് 2:3-ൽ ദുരുപദേഷ്ടാക്കന്മാർ നിങ്ങളെ വാണിഭം ആക്കും എന്നു പറയുന്നത് ഇതിനോട് യോജിക്കുന്ന വാക്കുകളായി പരിഗണിക്കാം. വെളി 18:13-ൽ പറയുന്നത് ആക്ഷരീക വ്യാപാരം തന്നെയായിരിക്കും എന്നാണ് കരുതേണ്ടത്. ഈ പ്രവചന നിറവേറൽ മഹാപീഢനകാലത്തിന്റെ അന്ത്യത്തിലായിരിക്കും. അന്ന് നടക്കുന്ന ഹർമ്മഗെദ്ദോൻ യുദ്ധത്തിൽ യിസ്രായേൽ ആദ്യം പരാജയപ്പെടുകയും തൽഫലമായി ശത്രുക്കൾ നഗരം പിടിക്കയും വീടുകളെ കൊള്ളയി ടുകയും സ്ത്രീകളെ വഷളാക്കുകയും നഗരത്തിന്റെ പാതിപ്രവാസത്തിലേക്കു പോകുകയും ചെയ്യും എന്ന് സെഖര്യ്യാ പ്രവചനത്തിൽ നാം വായിക്കുന്നു (സെഖ 14:2). അവർ യിസ്രായേല്യരെ ജാതികളുടെ ഇടയിൽ ചിതറിക്കും. ദേശം വിഭാഗിച്ചെടുക്കും. ഒരു ബാലനെ ഒരു വേശ്യക്കുവേണ്ടി കൊടുക്കും. ഒരു ബാലയെ വിറ്റു വീഞ്ഞു കുടിക്കും. യിസ്രായേല്യ അടിമകൾ അത്ര സുലഭമായിരിക്കും എന്നു സാരം. ബാബിലോണിലും ഈ കച്ചവടച്ചരക്കുകൾ സുലഭമായിരിക്കും. യിസ്രായേല്യ സ്ത്രീകളെയും ആൺകുട്ടികളെയും പെൺകുട്ടികളെയും അടിമകളായി വിൽക്കും. അതു ജാതികൾ അവരുടെ ജഢിക മോഹങ്ങൾക്കു വേണ്ടി ഉപയോഗിക്കും.

മാനുഷപ്രാണൻ എന്നതു മറ്റൊരു കാര്യത്തെക്കൂടി വ്യക്തമാക്കുന്നു. വെളി. 18:23-ൽ ക്ഷുദ്രക്കാർ ബാബിലോണിൽ ഉണ്ടായിരിക്കും എന്നു കാണുന്നു. ക്ഷുദ്രം ചെയ്യുന്നവർ 12 വയസ്സിനു താഴെയുള്ള കുട്ടികളെ ഇത്തരം പ്രവൃത്തികൾക്കായി ഉപയോഗിച്ചിരുന്നു. ആത്മാക്കൾ നഷ്ടപ്പെടത്തക്കവിധം ദുരൂപദേശങ്ങൾ പഠിപ്പിച്ച് അവരെ നരകയോഗ്യരാക്കും എന്നുള്ള വ്യാഖ്യാനവും ന്യായമായി സ്വീകരിക്കാം.

18:14: *"നീ കൊതിച്ച കായ്കനിയും നിന്നെ വിട്ടുപോയി; സ്വാദും ശോഭയും ഉള്ളതെല്ലാം നിനക്കില്ലാതെയായി; നീ ഇനി ഒരിക്കലും അവയെ കാണുകയില്ല."* അവർക്കു നഷ്ടമായവയെ മൂന്നായി തിരിച്ചിരിക്കുന്നു. കായ്കനികൾ, സ്വാദുള്ള സാധനങ്ങൾ, ശോഭയുള്ള സാധനങ്ങൾ. ഇവയിൽ ആദ്യത്തേ തു രണ്ടും ആഹാരത്തേയും മൂന്നാമത്തേത് ആഡംബരത്തേയും കാണിക്കുന്നു. സ്വാദ് എന്ന് തർജ്ജമ ചെയ്തിരിക്കുന്ന വാക്കിന് എണ്ണയും കൊഴുപ്പും ഉള്ള ഭോജനം എന്നാണ് യഥാർത്ഥ അർത്ഥം. ഈ പരാമർശങ്ങൾ കൺമോഹം, ജഡമോഹം എന്നീ ആകർഷണവലയങ്ങളെ ചൂണ്ടികാണിക്കുന്നു. ഒരിക്കലും കാണുകയില്ല എന്നു പറയുന്നത് ബാബിലോണിനു സംഭവിക്കാൻ പോകുന്ന സമ്പൂർണ്ണ നാശത്തെ കാണിക്കുന്നു. **(തുടരും)**

## (11-ാം പേജ് തുടർച്ച)

"വിശ്വാസം" എന്ന വാക്കിന്റെ നാമരൂപം പഴയനിയമത്തിൽ കേവലം രണ്ടു പ്രാവശ്യമേ ഉപയോഗിച്ചിട്ടുള്ളു. ആവർത്തനം 32:20-ൽ എമുൻ (emun) എന്നും ഹബക്കുക് 2:4-ൽ എമുനാ (emunah) എന്നുമുള്ള എബ്രായ പദങ്ങളുടെ പരിഭാഷയായിട്ടാണ് ഈ നാമരൂപങ്ങൾ ഉപയോഗിച്ചിട്ടുള്ളത്. എന്നാൽ ചില ഇംഗ്ലീഷ് വിവർത്തനങ്ങളിൽ ഹബക്കുക് 2:4-ൽ വിശ്വസ്തത (faithfulness) എന്നാണ് പരിഭാഷ ചെയ്തിട്ടുള്ളത്. സത്യവേദപുസ്തകത്തിൽ ആവർത്തനം 32:20-ൽ നേര് എന്നും ഹബക്കുക് 2:4-ൽ വിശ്വാസം എന്നും ആണ് പരിഭാഷ. എന്നാൽ പുതിയനിയമത്തിൽ ഈ വാക്യം ഉദ്ധരിച്ചിട്ടുള്ളിടത്തെല്ലാം നാമരൂപമാണ്അപ്പൊസ്തലന്മാർ ഉപയോഗിച്ചിട്ടുള്ളത്.

കൂടാതെ എല്ലാ വിവർത്തനങ്ങളിലും നാമരൂപത്തിൽ "വിശ്വാസത്താൽ" എന്നാണ് ഹബക്കുക് 2:4-ൽ പുതിയനിയമത്തിൽ ഉദ്ധരിച്ചിട്ടുള്ളത്. (തുടരും)

### സുവിശേഷയോഗവും വി. ബി. എസും

**മാവേലിക്കര:** വരേണിക്കൽ ബ്രദറൺ സഭയുടെ ആഭിമുഖ്യത്തിൽ 2016 ഏപ്രിൽ 11 മുതൽ 14 വരെ സുവിശേഷയോഗങ്ങൾ അംബേദ്കർ കോളനിക്കു സമീപം നടത്തുവാൻ കർത്താവിൽ ആശ്രയിച്ച് തീരുമാനിച്ചിരിക്കുന്നു. 200-ൽപരം കുട്ടികൾ പങ്കെടുക്കുന്ന നാലു ദിവസം നീണ്ടു നില്ക്കുന്ന വി.ബി.എസും വരേണിക്കൽ ബ്രദറൺ സഭാഹോളിനു മുൻവശത്ത് തയ്യാർ ചെയ്യുന്ന പന്തലിൽ നടത്തുന്നതിനും ക്രമീകരണം ചെയ്തു വരുന്നു. ബ്രദർ കുഞ്ഞുമോൻ തോട്ടപ്പള്ളി, ഡോ. കെ. സി. ജോൺസൺ, ബ്രദർ ധർമ്മരാജ് ജി. എന്നിവർ വചനശുശ്രൂഷ നിർവ്വഹിക്കുന്നതായിരിക്കും. ജയേഷ് ചന്ദ്രൻ, ബോസ്, ധർമ്മരാജ് എന്നിവർ ഗാനശുശ്രൂഷയ്ക്കുണ്ടായിരിക്കുന്നതുമാണ്. സഭയ്ക്ക് വേണ്ടി കെ. വി. ബേബി, മോഹന ചന്ദ്രൻ, സുവി. എൻ. പി. ഗംഗാധരൻ (പ്ളാവിളയിൽ, വരേണിക്കൽ പി.ഒ., മാവേലിക്കര, ആലപ്പുഴ ജില്ല, കേരള. ഫോൺ: +91-9446955461)

# റോമർക്ക് എഴുതിയ ലേഖനം: ഒരു പഠനം ~ 4

**ജേക്കബ് തോമസ്, മാവേലിക്കര**

## C. യേശുക്രിസ്തുവിന്റെ ശ്രേഷ്ഠതകൾ (റോമർ 1:4–7)

"*നമ്മുടെ പിതാവായ ദൈവത്തിൽ നിന്നും കർത്താവായ യേശുക്രിസ്തുവിങ്കൽ നിന്നും നിങ്ങൾക്ക് കൃപയും സമാധാനവും ഉണ്ടാകട്ടെ. ജഡം സംബന്ധിച്ച് ദാവീദിന്റെ സന്തതിയിൽ നിന്ന് ജനിക്കയും മരിച്ചിട്ട് ഉയിർത്തെഴുന്നേല്ക്കയാൽ വിശുദ്ധിയുടെ ആത്മാവ് സംബന്ധിച്ച് ദൈവപുത്രൻ എന്നു ശക്തിയോടെ നിർണ്ണയിക്കപ്പെടുകയും ചെയ്തിരിക്കുന്നവനാലല്ലോ ഞങ്ങൾ അവന്റെ നാമത്തിനായി സകല ജാതികളുടേയും ഇടയിൽ വിശ്വാസത്തിന് അനുസരണം വരുത്തേണ്ടതിനു കൃപയും അപ്പൊസ്തലത്വവും പ്രാപിച്ചത്. അവരിൽ യേശുക്രിസ്തുവിനായി വിളിക്കപ്പെട്ട നിങ്ങളും ഉൾപ്പെട്ടിരിക്കുന്നു*" (റോമർ 1:4–7)

പൗലൊസ് തന്റെ ലേഖനങ്ങളില്ലാം തന്നെ ക്രിസ്തുവുമായി തനിക്കുള്ള ബന്ധത്തെ ഓർമ്മിപ്പിക്കുന്നുണ്ട്. ഇത് തികച്ചും അനിവാര്യമാണ് കാരണം ക്രിസ്തുവുമായി പൗലൊസിനുള്ള ബന്ധത്തെക്കുറിച്ച് ആധുനികയുഗത്തിലുള്ള പണ്ഡിതന്മാർ എന്ന് അവകാശപ്പെടുന്നവർ സംശയിക്കയും പൗലൊസ് അല്ല ഈ ലേഖനങ്ങൾ എഴുതിയത് എന്ന് സ്ഥാപിക്കാൻ ശ്രമിക്കയും ചെയ്യുന്നു. പൗലൊസിന്റെ അപ്പൊസ്തലത്വം തന്റെ ശുശ്രൂഷയോടുള്ള ബന്ധത്തിൽ വളരെ പ്രാധാന്യം അർഹിക്കുന്നു. സ്വമേധയാ താൻ ക്രിസ്തുവിന്റെ ഒരു ശിഷ്യനാകുവാൻ ആഗ്രഹിച്ചതല്ല; മറിച്ച്, യേശുക്രിസ്തു നേരിട്ട് തന്നെ വിളിച്ച് ഭരമേല്പിച്ച ശുശ്രൂഷയാണ്, അത് ദൈവഹിതത്താലാണ്, ദൈവ കല്പന പ്രകാരമാണ് എന്നിങ്ങനെ പൗലൊസ് നമ്മെ ഓർമ്മിപ്പിക്കുണ്ട്. പൗലൊസിന് തന്റെ ശുശ്രൂഷയെക്കുറിച്ചുള്ള ഉറപ്പും അപ്പോൾത്തന്നെ തന്റെ അനുവാചകർക്ക് നല്കുന്ന വ്യക്തതയും ശ്രദ്ധേയമാണ്. അഞ്ചുമുതൽ ഏഴുവരെയുള്ള വാക്യങ്ങളിൽ രണ്ട് കാര്യങ്ങളാണ് പൗലൊസ് വ്യക്തമാക്കുന്നത് തന്റെ അപ്പൊസ്തലത്വം യേശുക്രിസ്തുവുമായി ബന്ധപ്പെട്ടതാണ്; മറ്റൊന്ന് അപ്പൊസ്തലത്വം ജാതികളുടെ വിശ്വാസത്തിനാണ്. ഈ വാക്യഭാഗം സൂക്ഷ്മമായി പരിശോധിച്ചാൽ ക്രിസ്തുവിന്റെ പല ശ്രേഷ്ഠതകളും വ്യക്തമായി നമുക്ക് കാണാം.

**1. ക്രിസ്തു ദൈവപുത്രനാണ്**

നാലാം വാക്യത്തിൽ, പൗലൊസ് സാധാരണ തന്റെ ലേഖനങ്ങളിലെല്ലാം ചെയ്യുന്നതുപോലെ ആശംസകൾ നേരുന്നു. തുടർന്ന് തന്റെ അപ്പൊസ്തലത്വത്തെകുറിച്ച് സൂചിപ്പിക്കുന്നു. ദൈവപുത്രനെന്ന ക്രിസ്തുവിന്റെ പേര് ചിലർ ദുർവ്യാഖ്യനം ചെയ്തിട്ടുണ്ട്. എന്നാൽ ദൈവവചനം മുൻവിധികൾ കൂടാതെ പരിശോധിച്ചാൽ ദൈവം സൃഷ്ടിച്ചവനാണ് ക്രിസ്തു എന്ന് ഒരിടത്തും കാണുന്നില്ല. എന്നാൽ പിതാവ് എക്കാലത്തും പിതാവായിരിക്കുന്നതുപോലെ, ആത്മാവ് നിത്യാത്മാവായിരിക്കുന്നതുപോലെ പുത്രനും നിത്യപുത്രനാണ്. ദൈവത്തിന്റെ ഏകത്വം സ്ഥാപിക്കുന്നത് മാത്രമാണ് ദൈവിക വെളിപ്പാട് എന്ന് കരുതുവാൻ കഴിയുമോ? അങ്ങനെയാണ് എങ്കിൽ ദൈവം കേവലം ഒരു വ്യക്തിയാണ് എന്ന് പഠിപ്പിക്കുന്ന അനേകം മതങ്ങളും, തത്വ ശാസ്ത്രങ്ങളും ഉണ്ട്; അവയെല്ലാം നാം അംഗീകരിക്കേണ്ടിവരും. ഉദാഹരണമായി, മഹാത്മാ ഗാന്ധി നമ്മുടെ രാഷ്ട്രപിതാവ് എന്ന് പറയുന്നത് ഭാരതത്തിലെ ജനങ്ങളെയെല്ലാം ഗാന്ധി ജനിപ്പിച്ചതാണ് എന്ന അർത്ഥത്തിലല്ല; നമ്മുടെ രാഷ്ട്രത്തിനായി പ്രവർത്തിച്ചതിന്റെ ആദരസൂചകമായി നാം അദ്ദേഹത്തെ ആദരവോടെ വിളിക്കുന്നതാണ് രാഷ്ട്രപിതാവ് എന്ന്. അതുപോലെ ക്രിസ്തു ദൈവപുത്രനെന്ന് വിളിക്കപ്പെടുന്നത് പിതാവ് പുത്രന് ജന്മം നല്കിയതിനാലല്ല, അത് അവന്റെ സ്ഥാനമാണ്. പിതാവില്ലാത്ത ഒരു സമയമില്ലാത്തതുപോലെ പുത്രനില്ലാത്ത സമയമില്ലായിരുന്നു. ദൈവം എന്ന നാമം പിതാവിന് നല്കുന്നു എന്നത് നാം കാണുന്നു എങ്കിലും പുത്രൻ ദൈവമല്ലാ എന്ന് വരുന്നില്ല. എഴുതാപ്പുറം വായിക്കുന്ന ചില ദുരുപദേഷ്ടാക്കന്മാർ മാത്രമാണ് അങ്ങനെ പഠിപ്പിക്കുന്നത്. മാത്രമല്ല, ക്രിസ്തുവന്റെ ജനനം കൊണ്ടാണ് അവൻ ദൈവപുത്രനാകുന്നു എന്ന് പഠിപ്പിക്കുന്നതും തെറ്റാണ്. ഈ ഭാഗത്ത് പൗലൊസ് പറയുന്നത് ദൈവപുത്രൻ എന്ന് മരിച്ചിട്ട് ഉയിർത്തെഴുന്നേറ്റതാൽ ശക്തിയോട് നിർണ്ണയിച്ചു എന്നാണ്. താൻ ദൈവപുത്രനാണ്

എന്ന് യേശു അവകാശപ്പെട്ടിട്ടുണ്ട്, എന്നാൽ അത് തെളിയിക്കപ്പെട്ടത് തന്റെ പുനരുത്ഥാനത്താലാണ്.

**2. ക്രിസ്തു മശിഹയാണ്**

ദാവീദിന്റെ സന്തതിയിൽ നിന്ന് ജനിച്ചവൻ എന്ന പ്രയോഗം കൊണ്ട് പൗലൊസ് ഉദ്ദേശിക്കുന്നത് ക്രിസ്തു യഹൂദന്മാരുടെ മശിഹയെന്നാണ്. യിസ്രയേൽ ജനത്തെ അവരുടെ ശത്രുക്കളിൽ നിന്ന് രക്ഷിച്ച്, ദൈവിക വാഴ്ച ഉറപ്പ് വരുത്തുന്ന ഒരു രാജാവായി മശിഹ വരും എന്ന് അവർ വിശ്വസിച്ചു. എന്നാൽ യേശുക്രിസ്തു വന്നപ്പോൾ അപ്രകാരമുള്ള ഒരു ഭരണാധികാരിയായിട്ടല്ല അവൻ വെളിപ്പെട്ടത്. അവൻ രാജ്യം സ്ഥാപിക്കാൻ പോകുന്നു എന്ന ഒരു സൂചനയും ക്രിസ്തു നല്കിയില്ല. കാരണം അവൻ ജനത്തെ അവരുടെ പാപങ്ങളിൽ നിന്ന രക്ഷിക്കാനാണ് വന്നത്. ഇത് യഹൂദന്മാർക്ക് ഗ്രഹിക്കാൻ കഴിയാത്ത കാര്യമായിരുന്നു. യഹൂദന്മാരിൽ നിന്നും ജാതികളിൽ നിന്നും ക്രിസ്തുവിൽ വിശ്വസിക്കുന്നവർ ക്രിസ്തുവിന്റെ സഭ എന്നത് യഹൂദന്റെ കണ്ണിന് മറവായിരുന്നു. ഈ സഭായുഗം യഹൂദന് ഹൃദയ കാഠിന്യത്തിന്റെ സമയമാണ്. എന്നാൽ യഹൂദന്മാരുടെ രാജാവായി പിറന്നവൻ എവിടെ എന്ന് ക്രിസ്തുവിനെക്കുറിച്ച് പറഞ്ഞ വാക്കുകൾ എങ്ങനെ നിവൃത്തിയാകും? കർത്താവേ നീ യിസ്രായേലിന് ഈ കാലത്തിലോ രാജ്യം സ്ഥാപിക്കുന്നത് എന്ന് അപ്പൊസ്തലന്മാർ ചോദിച്ച ചോദ്യത്തിന് ഉത്തരം എവിടെ? അവൻ രാജാവായി വരും; അവൻ ദാവീദിൻ സിംഹാസനത്തിൽ വാഴും; ഈ ഭുമിയിലുള്ള ഭരണകൂടങ്ങൾ എല്ലാം മാറ്റപ്പെടും; അത് സഭയുടെ ഉൽപ്രാപണത്തിന് ശേഷമുള്ള മഹോപദ്രവ കാലത്തിന് ശേഷം അവൻ രാജാവായി വരും. യിസ്രയേലിന് രാജ്യവും അവർക്ക് മശിഹയെയും ലഭിക്കും.

**3. ക്രിസ്തു ചരിത്ര പുരുഷനാണ്**

മതങ്ങളുടെ ദേവീദേവന്മാരെപ്പോലെ ക്രിസ്തു ഒരു സങ്കൽപ കഥാപാത്രം അല്ല. ലോകത്തിലെ ദേവീദേവന്മാർ മനുഷ്യന്റെ ഭാവനാവിലാസത്തിന്റെ സന്തതികളാണ്. അവരെ മനുഷ്യന്റെ ഇഷ്ടാനുസരണം കാലാനുസരണം ദേദഗതി വരുത്തി അവർക്ക് ആരാധിക്കാം. എന്നാൽ ക്രിസ്തു അങ്ങനെയല്ല. അവൻ ഒരു പൂർവ്വാസ്തിക്യമുള്ളവനും ചരിത്ര പുരുഷനുമാണ്. ക്രിസ്തു ജനിച്ച സ്ഥലം ഇന്നുമുണ്ട്; ജീവിച്ച ഭൂപ്രദേശങ്ങൾ ഇന്നുമുണ്ട്; അവൻ മരിച്ച സ്ഥലം ഇപ്പോഴും അതേ പടിയുണ്ട്; അവന്റെ പുനരുത്ഥാനത്തിന്റെ ബാക്കി പത്രമായി തുറന്ന കല്ലറ ആർക്കും സന്ദർശിക്കാം. ഈ ഒരു കാര്യമാണ് ബഹുദൈവ വിശ്വാസികൾക്കും, നിരീശ്വരവാദികൾക്കും കണ്ണിലെ കരടായി തീർന്നിരിക്കുന്നത്. ഈ പ്രപഞ്ചത്തെ സൃഷ്ടിച്ച ദൈവം മനുഷ്യനായി വരിക എത്ര അത്ഭുതമാണ്! അതേ! അത് തന്നെയാണ് ക്രിസ്തുവിന്റെ ജനനത്തിൽ സംഭവിച്ചത്. ക്രിസ്തീയ വിശ്വാസത്തിന്റെ കാതലായ സത്യമാണ് ക്രിസ്തുവിന്റെ ജഡാവതാരം, അത് കേവലം ഒരു ഉത്സവമായി ആചരിക്കാനല്ല; അതിന്റെ പ്രാധാന്യം മനസിലാക്കാനും അതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ മനസിലാക്കി അത് ജീവിതത്തിൽ അനുവർത്തിക്കാനും നമുക്ക് കഴിയണം. ഓരോ ക്രിസ്മസ് കഴിയുമ്പോഴും ദൈവം ലോകത്തോട് ദൈവസ്നേഹത്തിന്റെ അവന്റെ രക്ഷണ്യപ്രവർത്തിയുടെ സന്ദേശം കാഹളനാദം പോലെ പരസ്യ പ്രഖ്യാപനം ചെയ്യുന്നു: ഞാൻ ഇപ്പൊഴും ലോകത്തെ സ്നേഹിക്കുന്നു, മനുഷ്യനെ രക്ഷിക്കാനാഗ്രഹിക്കുന്നു. എന്നാൽ മനുഷ്യൻ മദ്യപാനത്തിനും മ്ലേച്ഛതയുടെ അരങ്ങേറ്റത്തിനും അതിനെ വേദിയാക്കുന്നു. നമ്മോട് നന്മചെയ്ത ദൈവത്തിന് പ്രതിഫലം നല്കുന്നതിങ്ങനെയാണോ? ചിന്തിക്കൂ. മനുഷ്യരിൽ അനേകർ ദൈവമാകാൻ ശ്രമിച്ചിട്ടുണ്ട്. അവർ പരാജയമടഞ്ഞിട്ടുണ്ട്. എന്നാൽ അതിൽ നിന്ന് വ്യത്യസ്തമായി എന്താണ് ക്രിസ്തുവിനുള്ളത്. അവൻ ദൈവമായിരുന്നവൻ മനുഷ്യനായി വന്നു; അതാണ് വ്യത്യാസം. അതെങ്ങനെ അറിയാം. ഒറ്റകാര്യം – അവന് മാത്രമേ പാപം ചെയ്തിട്ടില്ല എന്ന് അവകാശപ്പെടാൻ കഴിയു. മറ്റുള്ളവർ ആരും അപ്രകാരം അവകാശപ്പെട്ടിട്ടില്ല. അഥവാ അവകാശപ്പെട്ടാലും ലോകം അത് അംഗീകരിക്കില്ല.

**4. ക്രിസ്തു സുവിശേഷമാണ്**

പൗലൊസിന്റെ അപ്പൊസ്തലത്വത്തെക്കുറിച്ച് എഴുതുമ്പോൾ രണ്ട് കാര്യം താൻ ഓർമ്മപ്പെടുത്തുന്നു. ഒന്ന്, അത് ക്രിസ്തുവുമായി ബന്ധപ്പെട്ടതാണ്; രണ്ട്, അത് ജാതികൾക്ക് അല്ലെങ്കിൽ സാർവ്വത്രികമാണ്. പൗലൊസിന്റെ ശുശ്രൂഷ ആരംഭിച്ച നാൾമുതൽ എ.ഡി. 67–ൽ മരിക്കുംവരേയും ക്രിസ്തു എന്ന ഒരേറ്റ സന്ദേശമാണ് പ്രസംഗിച്ചത്. എന്നാൽ ഇന്നത്തെ പല ക്രിസ്തുവിന്റെ വേലക്കാർ എന്ന് അഭിമാനിക്കുന്നവർക്ക് യേശുക്രിസ്തുവിനെ പ്രസംഗിക്കുവാൻ ലജ്ജയാണ്. അതിന് കാരണം, ആ ക്രിസ്തുവുമായി അവർക്ക് ബന്ധമില്ല

എന്നുള്ളത് തന്നെ.

നിങ്ങൾ ഉൾപ്പെട്ടുനില്ക്കുന്ന സഭയിൽ ക്രൂശിക്കപ്പെട്ടവനായ ക്രിസ്തുവിനെ പ്രസംഗിക്കാറുണ്ടോ? സാമൂഹ്യ സുവിശേഷം, സമൃദ്ധിയുടെ സുവിശേഷം തുടങ്ങിയവ വേദപുസ്തകപരമല്ല . സുവിശേഷത്തിന്റെ സത്യവചനം പ്രസംഗിക്കുകയാണ് നമ്മുടെ കർത്തവ്യം. പൗലൊസ് പ്രസ്താവിച്ചു: ദാവീദിന്റെ സന്തതിയായി ജനിച്ചു മരിച്ചിട്ട് ഉയിർത്തെഴുന്നേറ്റിരിക്കുന്ന യേശുക്രിസ്തുവിനെ ഓർത്തുകൊൾക; അത് ആകുന്നു എന്റെ സുവിശേഷം (2 തിമൊ. 2:8). സുവിശേഷം ഏറ്റവും തെറ്റിദ്ധരിക്കപ്പെടുന്ന ഒരു കാലത്താണ് നാം ജീവിക്കുന്നത്. ഒരാൾ സുവിശേഷം കേട്ട് രക്ഷിക്കപ്പെട്ടു എന്ന് കേൾക്കുമ്പോൾ ക്രിസ്തീയ മതത്തിൽ ചേർന്നു എന്നോ, സഭമാറിപ്പോയി എന്നോ ഒക്കെ നാം തെറ്റദ്ധരിക്കാറുണ്ട്. വാസ്തവത്തിൽ ആ വ്യക്തി ചെയ്യുന്നത് ഇത്രമാത്രമാണ്: ക്രിസ്തുവിന്റെ ക്രൂശുമരണത്തിൽ വിശ്വസിച്ച് ആത്മരക്ഷ പ്രാപിച്ച്, തുടർന്ന് ഒരു യഥാർത്ഥ ക്രിസ്തു ശിഷ്യനാകാൻ തീരുമാനമെടുക്കുന്നു. ഇപ്രാകാരം തീരുമാനമെടുക്കാതെ ശരിയായ ക്രിസ്ത്യാനി എന്ന് നമുക്ക് അവകാശപ്പെടാനാകുമോ? ഇതോന്നും മനസിലാക്കാതെ രക്ഷിക്കപ്പെടുന്നവരെ വെറുതെ നിന്ദിക്കരുത്. ക്രിസ്തുവിൽ വിശ്വസിക്കുക എന്നത് ഒരു മതപരമായ കാര്യമേ അല്ല. അത് ജീവിതത്തെ പുതിയ ദിശയിലേക്ക് തിരിക്കുന്ന അനുഭവമാണ്. നമ്മുടെ ജീവതകാലത്ത് നമുക്ക് എത്രയെത്ര ബന്ധങ്ങളാണുണ്ടാകുന്നത്. ചിലത് അവചാരിതമായതായിരിക്കാം. എന്നാൽ പിന്നീട് നാം തിരിച്ചറിയുന്നു ആ വ്യക്തിയുമായുള്ള നമ്മുടെ ബന്ധം ജീവിതത്തിന്റെ ഘടനതന്നെ മാറ്റി മറിച്ചിരിക്കുന്നു. അതേ നിലയിലുള്ള ഒരു ബന്ധമാണ് ക്രിസ്തുവുമായി ഒരു വ്യക്തിക്കുണ്ടാകേണ്ടത്. നമ്മുടെ അടുത്ത് തന്നെയുള്ള ഒരു മഹത്‌വ്യക്തിയെ പരിയപ്പെടാതെയിരുന്നാൽ എത്ര വലിയ നഷ്ടമാണ്. അതിനേക്കാൾ പതിൻമടങ്ങ് നഷ്ടമാണ് യേശുവിനെ അറിയാതെ പോകുക എന്നത്. പൗലൊസിന് ആ ഭാഗ്യം ലഭിച്ചു; റോമിലുള്ള വിശ്വാസികൾക്ക് ആ ഭാഗ്യം ലഭിച്ചു; താങ്കൾക്ക് ആ ഭാഗ്യം ലഭിച്ചുവോ? അവസരം നഷ്ടമാക്കരുത്. കാരണം സുവിശേഷം ഒരു വ്യക്തിയാണ്. ഈ ക്രിസ്തുവിനെ അറിയുന്നവർ ഭൂമിയിൽ ജീവിക്കുന്ന സ്വർഗ്ഗീയ പൗരന്മാരാണ്

**(തുടരും)**

## (16-ാം പേജ് തുടർച്ച)

ലഭിച്ചു (മത്തായി 12:20). അവൻ അതിശയം, ആലോചനക്കാരൻ, വീരനാം ദൈവം, നിത്യപിതാവ്, സമാധാനപ്രഭു എന്നു പേർ വിളിക്കപ്പെടും (യെശ. 9:6). സ്തോത്രം. ആ തിരുനാമത്തിനു വേണ്ടി അപമാനം സഹിപ്പാനും നാം യോഗ്യരായി എണ്ണപ്പെട്ടിരിക്കുന്നു (അപ്പൊ. 5:41).

സഹോദരിമാരേ, ആകയാൽ നമുക്കു സന്തോഷത്തോടെ ഇപ്രകാരം പറയാം. ഞങ്ങൾക്കല്ല യഹോവേ, ഞങ്ങൾക്കല്ല, നിന്റെ ദയയും വിശ്വസ്തതയും നിമിത്തം നിന്റെ നാമത്തിനു തന്നെ മഹത്വം വരുത്തണമേ (സങ്കീ. 115:1). അവന്റെ വാതിലുകളിൽ സ്തോത്രത്തോടും അവന്റെ പ്രാകാരങ്ങളിൽ സ്തുതിയോടും കൂടെ ചെല്ലാം. അവനു സ്തോത്രം ചെയ്ത് അവന്റെ നാമത്തെ വാഴ്ത്താം (സങ്കീ. 100:4). യഹോവയ്ക്ക് അവന്റെ നാമത്തിനു തക്ക മഹത്വം കൊടുക്കാം. തിരുമുല്ക്കാഴ്ചയുമായി അവന്റെ പ്രാകാരങ്ങളിൽ ചെല്ലാം (സങ്കീ. 96:8). എൻ മനമേ, യഹോവയെ വാഴ്ത്തുക, എന്റെ സർവ്വാന്തരംഗവുമേ അവന്റെ വിശുദ്ധനാമത്തെ വാഴ്ത്തുക എന്നു നമുക്കും ഏറ്റു പറയാം (സങ്കീ. 103:1). യഹോവയുടെ നാമം വാഴ്ത്തപ്പെടുമാറാകട്ടെ, ഇന്നു മുതൽ എന്നെന്നേക്കും തന്നെ. സൂര്യന്റെ ഉദയം മുതൽ അസ്തമയം വരെ യഹോവയുടെ നാമം സ്തുതിക്കപ്പെടുമാറാകട്ടെ (സങ്കീ. 113:2,3).

നമ്മുടെ ഇമ്മാനുവേൽ ഇന്നും ജീവിക്കുന്നു (യെശ. 7:14). ലോകാവസാനത്തോളം എല്ലാ നാളും അവൻ നമ്മോടു കൂടെ ഉണ്ട്. അവന്റെ നാമം നമുക്ക് ബലമുള്ള ഗോപുരമാണ്. ആ നാമത്തിൽ നമുക്ക് ഓടി ചെന്ന് അഭയം പ്രാപിക്കുവാൻ സാധിക്കും (സദൃ. 18:10). അവന്റെ നാമത്തിൽ നമുക്കും പ്രത്യാശ വയ്ക്കാം (സങ്കീ. 52:9). അവന്റെ നാമം നല്ലത് എന്നു ചൊല്ലി അതിനു സ്തോത്രം ചെയ്യാം (സങ്കീ. 53:6). വക്രത നിറഞ്ഞ ഈ പാപലോകത്തിൽ നമുക്ക് അവന്റെ പൊന്നു നാമമഹത്വത്തിനായി ശോഭിക്കുന്നവരാകാം. അതിനായി സർവ്വ കൃപാലുവായ ദൈവം അനുവാചകരായ എല്ലാ സഹോദരിമാരെയും സഹായിക്കട്ടെ.

# വിശ്വാസം

ബിനോയ് മാണി, പാമ്പാക്കുട

രക്ഷയ്ക്കായുള്ള ദൈവിക പരിപാടിയിലെ മാനുഷിക വശമാണ് വിശ്വാസം. ഇത് ആന്തരികവും അനുഭവപരവുമാണ്. പാപിയായ മനുഷ്യനു ദൈവവുമായുള്ള ബന്ധം യഥാസ്ഥാനപ്പെടുവാൻ ദൈവം മനുഷ്യനിൽ നിന്നാവശ്യപ്പെടുന്ന പ്രതികരണമാണ് വിശ്വാസം. വിശ്വാസം രക്ഷയോടുള്ള ബന്ധത്തിൽ മാത്രം ഒതുങ്ങുന്ന പ്രതികരണമല്ല, പ്രത്യുത, ദൈവസംബന്ധമായ എല്ലാ മാനുഷിക പ്രതികരണങ്ങളോടും ബന്ധപ്പെട്ടതാണ്. ദൈവത്തെ പ്രസാദിപ്പിക്കുവാൻ വിശ്വാസം ഒഴിച്ചുകൂടാത്തതാകുന്നു (എബ്രാ. 11:6).

തിരുവചനം, പ്രത്യേകാൽ പുതിയനിയമം, വായിക്കുന്ന ഏതൊരാൾക്കും വിശ്വാസത്തിനു നൽകിയിട്ടുള്ള പ്രാധാന്യം ഗ്രഹിക്കാതിരിക്കുവാൻ സാധിക്കുകയില്ല. സഭയുടെ ചരിത്രത്തിൽ തിരുവചനത്തിനു പ്രാധാന്യം നൽകിയിട്ടുള്ള ഏതൊരു കാലയളവിലും 'വിശ്വാസം' അതിപ്രാധാന്യമുള്ള ഒരു വിഷയം ആയിരുന്നിട്ടുണ്ട്. സഭാചരിത്രത്തിലെ 'അന്ധകാര കാലഘട്ടം' ബൈബിൾ തിരസ്കരിക്കപ്പെട്ട കാലമായിരുന്നല്ലോ. നവീകരണം സാദ്ധ്യമായത് ബൈബിളിന്റെ പ്രസക്തി ഗ്രഹിക്കുക വഴിയാണ്. നവീകരണ സഭകളിലെല്ലാം തിരുവചനം ഉപദേശങ്ങൾക്കും ക്രിസ്തീയ ജീവിതത്തിനും അടിസ്ഥാനമാകയാൽ വിശ്വാസത്തിന് അടിസ്ഥാന പ്രാധാന്യം നൽകപ്പെട്ടിട്ടുണ്ട്. 'വിശ്വാസത്താൽ മാത്രം' (sola fide) എന്നത് നവീകരണത്തിന്റെ മൂന്ന് അതിപ്രധാന ആശയങ്ങളിലൊന്നാണ് (വചനത്താൽ മാത്രം, കൃപയാൽ മാത്രം എന്നിവയാണ് മറ്റു രണ്ട് ആശയങ്ങൾ).

രക്ഷയും വിശ്വാസവും തമ്മിലുള്ള ബന്ധം വളരെയധികം സംവാദങ്ങൾക്കും വാദപ്രതിവാദങ്ങൾക്കും വിധേയമായിട്ടുള്ള വിഷയമാണ്. വിശ്വാസത്തിന്റെ പ്രധാന്യം, സ്വഭാവം, ഉറവിടം ഇവയൊക്കെ വളരെയധികം ചർച്ച ചെയ്യപ്പെട്ടിട്ടുള്ള വശങ്ങളാണ്. റോമൻ കത്തോലിക്കരും പ്രൊട്ടസ്റ്റന്റ് സഭകളും തമ്മിൽ മാത്രമല്ല ഇവ്വിധമുള്ള സംവാദം നടന്നിട്ടുള്ളത്. പ്രൊട്ടസ്റ്റന്റ് സഭകളുടെ ഇടയിലും വിശ്വാസത്തെക്കുറിച്ചുള്ള സംവാദങ്ങളും വ്യത്യസ്തങ്ങളായ ആശയങ്ങളും നിലവിലുണ്ട്.

**1. വാക്കുകളും പ്രയോഗങ്ങളും (Words and Different Usages)**

**A. പഴയനിയമത്തിൽ**

'വിശ്വസിക്കുക' എന്നതിന് എബ്രായ ഭാഷയിൽ ഏറ്റവും അധികം പ്രാവശ്യം ഉപയോഗിച്ചിട്ടുള്ള വാക്ക് ഹെഏമിൻ (heemin) എന്നതാണ്. എബ്രായ ഭാഷയിലെ വ്യത്യസ്ത ക്രിയാരൂപങ്ങളിൽ ഈ വാക്ക് ഉപയോഗിച്ചിട്ടുണ്ട്. വ്യത്യസ്തമായ രൂപങ്ങളിൽ ഈ വാക്കിന് പോറ്റുക, (nourish), സ്ഥിരമായിരിക്കുക (to be firm), ഉറച്ചിരിക്കുക (steadfast ), സത്യമായി ഗണിക്കുക, വിശ്വക്കുക എന്നൊക്കെ അർത്ഥമുണ്ട്. ബേത്ത് എന്നും ലാമെദ് എന്നുമുള്ള രണ്ട് ഉപസർഗ്ഗങ്ങൾ (prepositions) ചേർത്ത് ഈ വാക്ക് ധാരാളം പ്രാവശ്യം ഉപയോഗിച്ചിട്ടുണ്ട്. 'ബേത്തിനോടു ചേർത്ത് 'ഹെഏമിൻ' ഉപയോഗിക്കുമ്പോൾ ചാരുക, ആശ്രയിക്കുക എന്നൊക്കെയാണർത്ഥം. ഈ ആശ്രയം ഒരു വ്യക്തിയിലോ ഒരാശയത്തിലോ ആകാം. എന്നാൽ ലാമെദിനോടു ചേർന്ന് 'ഹെഏമിൻ' വരുമ്പോൾ ഒരു സാക്ഷ്യത്തെയോ ഒരു പ്രസ്താവനയെയോ സത്യമെന്നു സമ്മതിക്കുക അഥവാ സ്വീകരിക്കുക എന്ന അർത്ഥമാണുള്ളത്.

"വിശ്വാസം" എന്നതിനുപയോഗിച്ചിട്ടുള്ള വേറൊരു വാക്കാണ് ബറ്റാക് (Batach). ഈ വാക്കിനും ചാരുക, ആശ്രയിക്കുക, വിശ്വസിക്കുക എന്നീ അർത്ഥങ്ങളാണുള്ളത്. ബുദ്ധിപരമായ കേവല വിശ്വാസത്തെയല്ല, പ്രത്യുത, പൂർണ്ണ ബോധ്യത്തോടുകൂടെ ആശ്രയിക്കുക എന്ന ആശയമാണ് പ്രധാനമായും ഈ വാക്കിനുള്ളത്. ദൈവത്തിൽ വിശ്വസിക്കുക എന്നു പറഞ്ഞാൽ വർത്തമാനകാലത്തേക്കും ഭാവികാലത്തേക്കും വേണ്ടി ദൈവത്തിൽ പൂർണ്ണമായി ആശ്രയിക്കുക എന്നാണർത്ഥം. ഖാസാ (Chasah) എന്ന വാക്കും ചുരുക്കമായി ഉപയോഗിച്ചിട്ടുണ്ട്. സങ്കേത നഗരത്തിലേക്ക് ഓടി രക്ഷപ്പെടുക എന്നൊരാശയമാണ് ഈ വാക്കിനുള്ളതെന്ന് ചിലർ കരുതുന്നു. എബ്രായ ഭാഷയിൽ വിശ്വസിക്കുക എന്നതിന് ആശ്രയിക്കുക എന്ന അടിസ്ഥാന ആശയമാണുള്ളത്.

**ശേഷം 7-ാം പേജിൽ**

# അപ്പത്തെ അനുഗ്രഹിക്കേണമോ?

**ജോഷി ജോസഫ്, മഞ്ഞാടി**

വീണ്ടെടുക്കപ്പെട്ട ദൈവമക്കളുടെ ആരാധനയുടെ പ്രാധാന്യം വളരെ വലുതാണ്. പുതിയനിയമ സഭയിൽനിന്നും അടർത്തിമാറ്റാൻ ആകാത്ത ഒന്നാണ് തിരുവത്താഴം. യേശു തന്നെ കാണിച്ചു കൊടുത്ത രാത്രിയിൽ അത്താഴ സമയത്ത് പഴയതിനു പകരം പുതിയൊരു അത്താഴം സ്ഥാപിച്ചു. ഓർമ്മയുടെ നിശയിലെ അവിസ്മരണീയ നിമിഷമായി അതു മാറി. കർത്താവ് വരുവോളം അവന്റെ മരണത്തെ പ്രസ്താവിക്കുകയെന്നതാണ് ഈ പുതിയ അത്താഴത്തിന്റെ ഉദ്ദേശ്യം. "*യേശുവിനെ കാണിച്ചുകൊടുത്ത രാത്രിയിൽ അവൻ അപ്പം എടുത്തു വാഴ്ത്തി നുറുക്കി ശിഷ്യന്മാർക്ക് കൊടുത്തു. വാങ്ങി ഭക്ഷിപ്പിൻ ഇത് എന്റെ ശരീരം എന്റെ ഓർമ്മയ്ക്കായി ഇതു ചെയ്‌വീൻ എന്നു പറഞ്ഞു*" (1 കൊരി. 11:24-25). കർത്താവിന്റെ തകർക്കപ്പെട്ട ശരീരത്തെ അഥവാ മരണത്തെ ഓർമ്മിപ്പിക്കുന്ന അപ്പവും തിരുനിണത്തെ ഓർമ്മപ്പെടുത്തുന്ന പാനപാത്രവും അങ്ങേയറ്റം ഭക്തിയോടും വിശുദ്ധിയോടും കൂടെയാണ് നാം കണ്ടുവരുന്നത്. നമ്മളിൽ ചിലരെങ്കിലും വഞ്ചകന്റെ വശ്യാത്മകമായ വാക്കുകളിൽ വശീകരിക്കപ്പെട്ടുപോയോ എന്ന് പരിശോധിക്കേണ്ടിയിരിക്കുന്നു.

തിരുവത്താഴം സംബന്ധിച്ച് പല തെറ്റായ പഠിപ്പിക്കലുകൾ ക്രൈസ്തവ ഗോളത്തിൽ കണ്ട് വരുന്നുണ്ട്. അതിൽ ഒന്ന് വസ്തുമാറ്റം അഥവ Transubstantiation എന്നും മറ്റൊന്ന് വസ്തുസമാന്തര യോജിപ്പ് Consubstantiation എന്നിങ്ങനെയും അറിയപ്പെടുന്നു. അപ്പവും വീഞ്ഞും സ്തോത്രം ചെയ്തു ഭുജിക്കുമ്പോൾ അവ അക്ഷരികമായി കർത്താവിന്റെ ശരീരവും രക്തവും ആയി മാറുന്നു എന്ന പഠിപ്പിക്കൽ ആണ് ഒന്നാമത്തെ സിദ്ധാന്തം. രണ്ടാമത്തെ സിദ്ധാന്തം (വസ്തു സമാന്തര യോജിപ്പ്) കർത്താവിന്റെ അത്താഴത്തിൽ അപ്പവീഞ്ഞുകളോടൊപ്പം ക്രിസ്തുവിന്റെ ശരീര രക്തങ്ങളുടെ സാന്നിദ്ധ്യമുണ്ടെന്ന പഠിപ്പിക്കലാണ്. ഇവ രണ്ടും വചന വിരുദ്ധമായ പഠിപ്പിക്കലാണ്. വസ്തുമാറ്റ സിദ്ധാന്തം റോമൻ കത്തോലിക്കാ പോലുള്ള സഭകളിൽ മാത്രം കണ്ടുവരുന്നതാണ് എങ്കിൽ രണ്ടാമത്തെ വസ്തു സമാന്തര യോജിപ്പ് സിദ്ധാന്തം വേർപെട്ട ചില സഭകളിലും കണ്ടുവരുന്നതായി അറിയാൻ ഇടയായി.

വസ്തു സമാന്തര യോജിപ്പ് സിദ്ധാന്തത്തിന് അടിസ്ഥാനം ആയി ഉപയോഗിക്കുന്ന വാക്യം നാം അനുഗ്രഹിക്കുന്ന അനുഗ്രഹപാത്രം ക്രിസ്തുവിന്റെ രക്തത്തിന്റെ കൂട്ടായ്മ അല്ലയോ? (1 കൊരി. 10:16) എന്നതാണ്. ആരാധന യോഗം തുടങ്ങിക്കഴിഞ്ഞാൽ പാട്ട് പാടിയതിനു ശേഷം നിയുക്ത വ്യക്തി (മൂപ്പൻമാരിൽ ഒരാൾ) അപ്പവും പാനപാത്രവും മേശയിൽ എടുത്തുവെക്കുകയും തുടർന്ന് അപ്പത്തെയും പാനപാത്രത്തെയും അനുഗ്രഹിച്ച് പ്രാർത്ഥിക്കുകയും ചെയ്യുന്നു. ഇതോടുകൂടി അപ്പവീഞ്ഞുകളിൽ കർത്താവിന്റെ ശരീര രക്ത സാന്നിദ്ധ്യം ഉണ്ടാകുകയും അപ്പവീഞ്ഞുകൾ വിശുദ്ധം ആയിത്തീരുകയും ചെയ്യുന്നു എന്നതാണ് ഈ പഠിപ്പിക്കൽ.

വസ്തുസമാന്തര യോജിപ്പ് സിദ്ധാന്തം ലൂഥറൻ സഭകളുടെ ഉപദേശമായിരുന്നു. ഇരുപതാം നൂറ്റാണ്ടിനുശേഷം ചില വേർപെട്ട ദൈവമക്കൾ അറിഞ്ഞോ അറിയാതെയോ അത് കടം എടുക്കുന്നതായി കാണുന്നു. അപ്പത്തെ അനുഗ്രഹിക്കാനോ വാഴ്ത്തുവാനോ ദൈവവചനം പറഞ്ഞിട്ടില്ല. കർത്താവ് അപ്പത്തെ വാഴ്ത്തി എന്നു പഠിപ്പിക്കുന്നതും ശരിയായ പഠനം അല്ല. തിരുവത്താഴത്തിലെ അപ്പം നുറുക്കുന്നതിനു മുമ്പ് സ്തോത്രം ചെയ്യുമ്പോൾ അപ്പത്തെ വാഴ്ത്തിതരേണമേ എന്നും മറ്റുചിലരാകട്ടെ അപ്പത്തെ വാഴ്ത്തിത്തന്നതിനാൽ സ്തുതിക്കുന്നു എന്നും പറയുന്നത് കേൾക്കാറുണ്ട്. ഈ രണ്ട് പ്രയോഗങ്ങളും വചനപരമായി അംഗീകരിക്കുവാൻ കഴിയുകയില്ല. വാഴ്ത്തുക എന്നതിന് EULOGEO (യൂലൊഗെ-ഒ) എന്ന വാക്കാണ് മൂലഭാഷയിൽ കാണുന്നത്. പുകഴ്ത്തുക, നന്ദി കരേറ്റുക തുടങ്ങിയ ആരാധനയിൽ ഉപയോഗിക്കുന്ന വാക്കുകളാണ് ഇവ. അപ്പം എടുത്തു വാഴ്ത്തി എന്ന് കാണുന്നതിനാൽ അപ്പത്തെ വാഴ്ത്തി എന്ന് തെറ്റായി ചിന്തിക്കുന്നവർ ധാരാളം ഉണ്ട്. യേശു അഞ്ച് അപ്പവും രണ്ട് മീനും എടുത്ത് സ്വർഗ്ഗത്തേക്ക് നോക്കി വാഴ്ത്തിയത് നശിച്ചുപോകുന്ന അപ്പത്തെയാണോ നിത്യനായ പിതാവിനെയാണോ? നശിച്ചുപോകുന്ന അപ്പത്തെയാണ് വാഴ്ത്തിയത് എങ്കിൽ അത് വിഗ്രഹാരാധന ആയി തീരുമല്ലോ (NIV ഇംഗ്ളീഷ് ഭാഷാന്തരം വായിക്കുക). നമ്മളിൽ ചിലരെങ്കിലും വഞ്ചകന്റെ വശ്യാ

ത്മകമായ വാക്കുകളിൽ വശീകരിക്കപ്പെട്ടു പോയോ എന്ന് പരിശോധിക്കേണ്ടിയിരിക്കുന്നു.

നാം അനുഗ്രഹിക്കുന്ന അനുഗ്രഹപാത്രം ക്രിസ്തുവിന്റെ രക്തത്തിന്റെ കൂട്ടായ്മ അല്ലയോ? (1 കൊരി. 10:16) എന്ന വാക്യത്തെ അടിസ്ഥാനമാക്കി തിരുവത്താഴത്തിനായി ഒരുക്കിയിരിക്കുന്ന അപ്പത്തെ അനുഗ്രഹിക്കുവാനോ, വാഴ്ത്തുവാനോ ദൈവവചനം പറഞ്ഞിട്ടില്ല. അനുഗ്രഹിക്കുന്ന എന്നതിനു വേർതിരിച്ചിരിക്കുന്ന എന്ന ആശയമാണ് ലഭിക്കുന്നത്. മറ്റൊരു ഭാഷാന്തരത്തിൽ ഇങ്ങനെ കാണുന്നു: നാം സ്തോത്രം ചെയ്യുന്ന സ്തോത്രത്തിന്റെ പാനപാത്രം ക്രിസ്തുവിന്റെ രക്തത്തിന്റെ കൂട്ടായ്മ അല്ലയോ? അനുഗ്രഹത്തിന്റെ പാനപാത്രം എന്ന് പേരുവരുവാൻ കാരണം യെഹുദന്റെ പെസഹാ പെരുന്നാളിൽ നാല് പാനപാത്രങ്ങളും മൂന്ന് അപ്പവും കാണുന്നു. ഒന്നാമത്തേത് സ്തോത്രത്തിന്റെ പാനപാത്രമെന്നും രണ്ടാമത്തേത് ദുഃഖത്തിന്റെ പാനപാത്രമെന്നും മൂന്നാമത്തേത് അനുഗ്രഹത്തിന്റെ പാനപാത്രമെന്നും നാലാമത്തേത് ഏലിയാവിന്റെ പാനപാത്രമെന്നും അറിയപ്പെടുന്നു. മൂന്നാമത്തെ പാനപാത്രമായ അനുഗ്രഹത്തിന്റെ പാനപാത്രം എടുത്തപ്പോഴാണ് കർത്താവ് ഇത് എന്റെ രക്തത്തിന്റെ പുതിയനിയമം എന്ന് പറഞ്ഞത്. ഇതിനാൽ പിന്നീട് അനുഗ്രഹത്തിന്റെ പാനപാത്രം എന്ന പേരിലും പാനപാത്രത്തെ അറിഞ്ഞിരുന്നു.

തിരുവത്താഴത്തിൽ കാണുന്ന അപ്പം കർത്താവിന്റെ ശരീരത്തിന്റെ ഓർമ്മ മാത്രമാണ് നൽകുന്നത്. ആരാധനയ്ക്ക് മുമ്പും പിമ്പും അത് ഒരു അപ്പം ആയി മാത്രം ഇരിക്കുന്നു. അതുപോലെ തന്നെ, തിരുവത്താഴത്തിൽ കാണുന്ന പാനപാത്രം കർത്താവിന്റെ രക്തത്തിന്റെ ഓർമ്മ മാത്രമാണ് നൽകുന്നത്. അപ്പത്തെയോ പാനപാത്രത്തെയോ ശുദ്ധീകരിക്കാൻ അല്ല നാം ഒരുമിച്ച് കൂടുന്നത്. ദൈവത്തെ ആരാധിക്കാനാണ്. ഇതിനു വിപരീതമായി ഉയർന്നുവരുന്ന ചിന്തകളും പഠിപ്പിക്കലും ദൈവാത്മാവിനാൽ ആകണം എന്നില്ല. കർത്താവിന്റെ വരവ് വരെ ഏൽപ്പിച്ചുതന്ന അനുഗ്രഹകരമായ ശുശ്രൂഷയെ മായം കലർത്തി കാലം കഴിക്കാതെ തിരുവെഴുത്തിനെ അനുസരിക്കുവാൻ നമ്മെ ദൈവം സഹായിക്കട്ടെ.

**(18-ാം പേജ് തുടർച്ച)**

എന്റെ ചുമട് ലഘുവും ആകുന്നു എന്ന് അരുളിച്ചെയ്ത കർത്താവിന്റെ കല്പനകൾ തിരുവചനത്തിലുടനീളം കാണുന്നത് ചോദ്യം ചെയ്യാതെ അനുസരിക്കുന്നതിലൂടെ അതു സാധിക്കും.

ഒരു ഹോർലിക്സ് കുപ്പിയിൽ നിന്നും നാം അതു തുറക്കുമ്പോൾ പ്രതീക്ഷിക്കുന്നത് എന്താണ്? പകരം അതിൽ മുളകുപൊടി ആയിരുന്നലോ? "*വൃക്ഷം നല്ലത്, ഫലവും നല്ലത് എന്നു വെപ്പീൻ; അല്ലായ്കയിൽ വൃക്ഷം ചീത്ത ഫലവും ചീത്ത എന്നു വെപ്പിൻ. ഫലം കൊണ്ടല്ലോ വൃക്ഷം അറിയുന്നത്*" (മത്തായി 12:33). കർത്താവിന്റെ വാക്കുകൾക്ക് വിശ്വാസി വില കല്പിച്ചിരുന്നെങ്കിൽ ഇന്നു നമ്മുടെ മദ്ധ്യേ കാണുന്ന കുഴച്ചിലുകൾ ഉണ്ടാകുമായിരുന്നോ?

വയലിൽ തല ഉയർത്തിനിൽക്കുന്ന നെല്ലിന്റെ കതിർ അകത്ത് കാമ്പില്ലാത്ത പതിരാണ്. എന്നാൽ നിറഞ്ഞ മണി തല കുനിച്ചു മാത്രമേ നിൽക്കയുള്ളു. മനുഷ്യനിൽ നിന്നും ദൈവം ചോദിക്കുന്ന മൂന്നു കാര്യങ്ങൾ മീഖാ പ്രവാചകനിൽ കൂടെ നമുക്ക് ശ്രദ്ധിക്കാം. "മനുഷ്യാ, നല്ലത് ഏത് എന്നു അവർ നിനക്കു കാണിച്ചു തന്നിരിക്കുന്നു. ന്യായം പ്രവർത്തിപ്പാനും ദയാതത്പരനായിരിപ്പാനും നിന്റെ ദൈവത്തിന്റെ സന്നിധിയിൽ താഴ്മയോട് നടപ്പാനും അല്ലാതെ എന്താകുന്നു യഹോവ നിന്നോട് ചോദിക്കുന്നത്?" (മീഖാ 6:8).

മോശെ ഒരു കാലത്ത് സൗമ്യനായിരുന്നില്ല. ഒറ്റ അടിക്ക് ഒരു മിസ്രയീമ്യനെ കൊന്നവനും കല്പലകകൾ എറിഞ്ഞു പൊട്ടിച്ചവനും കോപത്തോടെ പാറയെ അടിച്ചവനും ആയിരുന്നു. നാല്പതു വർഷം ആടിനെ മേയിച്ചും പിന്നീട് ദൈവജനത്തെ നടത്തിയും താഴ്ന്ന് താഴ്ന്ന് ഭൂലോകത്തിലുള്ള സകല മനുഷ്യരിലും സൗമ്യതയുള്ളവനായിതീർന്നു. അവൻ തക്കസമയത്തു നമ്മെ ഉയർത്തുവാൻ ക്രിസ്തുവിന്റെ മനസ്സുള്ളവരായി ദൈവകരങ്ങളിൽ താണിരിക്കാം.

# ആത്മാവിന്റെ മുദ്ര

**തോമസ് ഏബ്രഹാം, അറ്റ്ലാന്റ**

ആത്മാവിന്റെ മുദ്രയെക്കുറിച്ച് മൂന്ന് ഭാഗങ്ങളിൽ കാണാം.

1. ഞങ്ങളെ നിങ്ങളോട് കൂടെ ക്രിസ്തുവിൽ ഉറപ്പിക്കുന്നതും നമ്മെ അഭിഷേകം ചെയ്തതും ദൈവമല്ലോ. അവൻ നമ്മെ മുദ്രയിട്ടും ആത്മാവ് എന്ന അച്ചാരം നമ്മുടെ ഹൃദയങ്ങളിൽ തന്നുമിരിക്കുന്നു (2 കൊരി 1:21-23). അപ്പൊസ്തലന്മാരോടൊപ്പം തന്നെ സകല വിശ്വാസികളേയും ക്രിസ്തുവിൽ ഉറപ്പിക്കുന്നതും അഭിഷേകം ചെയ്യുന്നതും ദൈവമാണ്. അതായത് ആത്മാവിനെ തന്നിരിക്കുന്നത് ദൈവമാണ്. ആത്മാവിനെ ഹൃദയങ്ങളിൽ മുദ്രയായും അച്ചാരമായും ദൈവം തന്നിരിക്കുന്നു.

2. അവനിൽ നിങ്ങൾക്കും നിങ്ങളുടെ രക്ഷയെക്കുറിച്ചുള്ള സുവിശേഷം എന്ന സത്യവചനം നിങ്ങൾ കേൾക്കയും അവനിൽ വിശ്വസിക്കുകയും ചെയ്തിട്ട് തന്റെ സ്വന്ത ജനത്തിന്റെ വീണ്ടെടുപ്പിനു വേണ്ടി തന്റെ മഹത്വത്തിന്റെ പുകഴ്ചക്കായിട്ടു നമ്മുടെ അവകാശത്തിന്റെ അച്ചാരമായ വാഗ്ദത്തത്തിൻ പരിശുദ്ധാത്മാവിനാൽ മുദ്രയിട്ടിരിക്കുന്നു. (എഫെ. 1:13,14). സുവിശേഷം കേട്ട് ക്രിസ്തുവിൽ വിശ്വസിച്ചവർക്ക് ക്രിസ്തുവിൽ അവകാശങ്ങൾ തരുന്നതിനും അതു മൂലം ദൈവത്തിനു മഹത്വവും പുകഴ്ചയും ലഭിപ്പാനുമായി നമ്മുടെ അവകാശത്തിന്റെ അച്ചാരമായ പരിശുദ്ധാത്മാവിനാൽ മുദ്രയിട്ടിരിക്കുന്നു. പരിശുദ്ധാത്മാവിനെ നല്കും എന്നത് വാഗ്ദത്തമായിരുന്നു. ആ വാഗ്ദത്തം നിറവേറ്റിയെങ്കിൽ ശരീരാത്മാദേഹികളുടെ വീണ്ടെടുപ്പാകുന്ന പൂർണ്ണ രക്ഷയും നമുക്ക് ലഭിക്കും എന്ന ഉറപ്പ് ആത്മമുദ്രയിലൂടെ നമ്മുടെ വിശ്വാസത്തെ ഉറപ്പിച്ചിരിക്കുന്നു.

3. ദൈവത്തിന്റെ പരിശുദ്ധാത്മാവിനെ ദു:ഖിപ്പിക്കരുത്; അവനാലല്ലോ നിങ്ങൾക്ക് വീണ്ടെടുപ്പു നാളിന്നായി മുദ്രയിട്ടിരിക്കുന്നത് (എഫെ. 4:30). വീണ്ടെടുപ്പിൻ നാളിനായി നാം കാത്തിരിക്കയാണ്. അന്നാണ് നമുക്ക് പുത്രത്വം ലഭിക്കുന്നത്. പുത്രത്വം പ്രാപിക്കുന്നതിനാൽ അവകാശങ്ങളും പ്രാപിക്കും. രക്ഷിക്കപ്പെട്ട ഒരു വിശ്വാസിക്ക് ആദ്യദാനമായി പരിശുദ്ധാത്മാവിനെ തന്നിരിക്കുന്നത് വീണ്ടെടുപ്പിന്റെ അച്ചാരമായും മുദ്രയായും ആകുന്നു. ആ വീണ്ടെടുപ്പിൻ നാളിൽ നമ്മുടെ ശരീരത്തിന്റെ വീണ്ടെടുപ്പായ പുത്രത്വത്തിനു കാത്തുകൊണ്ട് ഉള്ളിൽ ഞരങ്ങുന്നു. അതിനായി ക്ഷമയോടെ കാത്തിരിക്കുന്നു (റോമ ർ 8:23-25). ഈ വലിയ അനുഗ്രഹങ്ങളുടെ മുദ്രയായി ദൈവം തന്റെ ആത്മാവിനെ നമ്മുടെ ഹൃദയങ്ങളിൽ തന്നിരിക്കുന്നതിനാൽ പരിശുദ്ധാത്മാവിനെ ദു:ഖിപ്പിക്കരുത്. ദു:ഖിപ്പിക്കുവാൻ സാദ്ധ്യതയുള്ള വിശ്വാസികൾ ഉണ്ട്. അതുകൊണ്ടാണല്ലോ ദു:ഖിപ്പിക്കരുത് എന്നു പറഞ്ഞിരിക്കുന്നത്. എല്ലാ തരത്തിലുള്ള പുതിയനിയമ വിശ്വാസികൾക്കും ആത്മാവിനെ ദാനമായി തന്നിരിക്കുന്നു. അല്ലെങ്കിൽ പറയാമായിരുന്നു., ആത്മാവു ലഭിച്ചവർ അതിനെ ദു:ഖിപ്പിക്കരുത് എന്ന്. കൊരിന്തു സഭയിലെ സകല വിശ്വാസികളേയും ആത്മാവിനാൽ അഭിഷേകം ചെയ്യുകയും മുദ്രയിടുകയും ആത്മാവിനെ അച്ചാരമായി നല്കുകയും ചെയ്തു (2 കൊരി 1:22). ഇപ്രകാരമുള്ള ആത്മാവിന്റെ പ്രത്യേക ശുശ്രൂഷ പഴയനിയമത്തിൽ ഒരിടത്തും ഇല്ല.

**എല്ലാ തരത്തിലുള്ള പുതിയനിയമ വിശ്വാസികൾക്കും ആത്മാവിനെ ദാനമായി തന്നിരിക്കുന്നു. അല്ലെങ്കിൽ പറയാമായിരുന്നു., ആത്മാവു ലഭിച്ചവർ അതിനെ ദു:ഖിപ്പിക്കരുത് എന്ന്. കൊരിന്തു സഭയിലെ സകല വിശ്വാസികളേയും ആത്മാവിനാൽ അഭിഷേകം ചെയ്യുകയും മുദ്രയിടുകയും ആത്മാവിനെ അച്ചാരമായി നല്കുകയും ചെയ്തു (2 കൊരി 1:22).**

## വിലാസമാറ്റം

സുവി. റ്റോമി കുര്യാക്കോസിന്റെ പുതിയ വിലാസം: Evg. Tomy Kuriakose, Ebenezer Brethren Church, House No. 1225, Ist West Cross, Muthiah Nagar, Annamalai Nagar P.O, Chidambaram, Cuddolore Dist. TN, 608002 Phone: 9442119933, Email: tomykuriakose72@gmail.com

# Local Assembly Oversight and Functions-Part 6

**Rajan Thomas, Bahrain**

## Functions of the Elders

**F**unctions of the Elders can be generally categorised on the basis of the etymological meanings of the three synonyms of the ministry: (a) that which are of a Bishop-episkopos, (b) that which are of an Elder-presybuteros and (c) that which are of a Shepherd-poimen.

### 1. That which are of a Bishop

We have already considered the etymological background of the title 'Bishop' that is presiding over the Greek political body. Function of an Elder as a Bishop is presiding over or ruling as seen in 1 Tim. 5:17 and Hebrews 13:17. The Elder has to exercise the spiritual gift of governing - Gk: kubernEsis (1 Cor. 12:28) and ruling -Gk: proistamenos (Rom. 12:8). "Thus an elder leads, guides, rules, steers his flock, piloting it skilfully through the treacherous waters of this world' (Charles C. Ryrie). Decision making with regards to every aspect of the Assembly ultimately vests in the Elders as they would deliberate all decisions by waiting upon the Lord who is the head of the church (Col. 1:17) as they are accountable to him (Heb. 13:17). And such decisions are to be executed without lording over the flock (1 Pet. 5:3).

### 2. That which are of an Elder

Embellished in the etymological meaning of 'the Elder' as derived from the O.T. Elders is the respect ascribed by his maturity to judge based on the law. Similarly elders of assemblies must be respectable with gravity (1 Tim. 3:4) who are mature in life and doctrine as they are 'being ensamples' to those who are to ' be submissive' to them (1 Pet. 5: 3,5). Elders are expected to deliver mature decisions in all situations whether they are negative or positive based on the doctrines and that's why among their qualifications as 'apt to teach' (1 Tim. 3:2) is vital.

### 3. That which are of a Shepherd

Shepherd is the one who feed and guard. Peter who had direct instruction from the Lord 'to feed my lamb' (John 21:15-17) had commanded the elders to 'feed the flock' (1 Pet. 5:2) meaning to feed in sound doctrine as Titus and Timothy who had pastoral ministries were instructed by Paul in Titus 2:1 and 1 Tim. 4:6. Elders must exercise the' role to 'rightly divide' (2 Tim. 2:17) the word and exercise the spiritual gift of 'exhortation' (Rom. 12:8 - Gk: parakalon) towards the spiritual growth and edification of the Believers under their charge.

Also Paul advised the Elders from Ephesus to take heed (guard) of the flock (Acts. 20:28) against the entry of 'grievous wolves' (Acts. 20:29) i.e. the entry of 'false teachers' (2 Peter 2:1) as warned by Peter. Elders are expected to spread strong web against false teachings.

Thus, feeding and guarding are the shepherding ministries of an Elder. Such shepherding ministry requires the elder to carry out all that God intended from the shepherds of Israel as seen Ezekiel 34:4. They are a) to strengthen the diseased, b) to heal the sick, c) bound up the broken, d) bring back the ones driven away, e) seek that is lost, and f) not to rule by force and cruelty (1 Pet. 5:3). **(To be continued)**

# അവന്റെ നാമം

രത്നാ ജേക്കബ്, പുതുപ്പള്ളി

"എന്നാൽ യേശു ദൈവപുത്രനായ ക്രിസ്തു എന്നു നിങ്ങൾ വിശ്വസിക്കേണ്ടതിനും വിശ്വസിച്ചിട്ട് അവന്റെ നാമത്തിൽ നിങ്ങൾക്കു ജീവൻ ഉണ്ടാകേണ്ടതിനും ഇത് എഴുതിയിരിക്കുന്നു" (യോഹ. 20:31). "അവനെ കൈക്കൊണ്ട് അവന്റെ നാമത്തിൽ വിശ്വസിക്കുന്ന ഏവർക്കും ദൈവമക്കൾ ആകുവാൻ അവൻ അധികാരം കൊടുത്തു" (യോഹ. 1:12). നാം കർത്താവിന്റെ നാമത്തിൽ അപേക്ഷിക്കുന്നത് ഒക്കെയും പിതാവു പുത്രനിൽ മഹത്വപ്പെടേണ്ടതിനു കർത്താവു നമുക്കു ചെയ്തു തരും. കർത്താവു വീണ്ടും ഉറപ്പിച്ചു പറയുന്നു: നിങ്ങൾ എന്റെ നാമത്തിൽ എന്നോട് അപേക്ഷിക്കുന്നത് ഒക്കെയും ഞാൻ ചെയ്തു തരും. എന്തിന്? പിതാവ് പുത്രനിൽ മഹത്വപ്പെടേണ്ടതിന് (യോഹ. 14: 13,14). ആമേൻ, ആമേൻ, ഞാൻ നിങ്ങളോടു പറയുന്നു നിങ്ങൾ പിതാവിനോട് അപേക്ഷിക്കുന്നതൊക്കെയും അവൻ എന്റെ നാമത്തിൽ നിങ്ങൾക്കു തരും (യോഹ. 16:23,24). അപേക്ഷിപ്പിൻ എന്നാൽ നിങ്ങളുടെ സന്തോഷം പൂർണ്ണമാകുംവണ്ണം നിങ്ങൾക്കു നല്കും. സ്തോത്രം. നമ്മുടെ യേശുകർത്താവ് വീണ്ടും പറയുന്നു: രണ്ടോ മൂന്നോ പേർ എന്റെ നാമത്തിൽ കൂടി വരുന്നിടത്തൊക്കെയും ഞാൻ അവരുടെ നടുവിൽ ഉണ്ട് (മത്തായി 18:20).

കർത്താവിന്റെ നാമം വിളിച്ചപേക്ഷിക്കുന്ന ഏവനും രക്ഷിക്കപ്പെടും (യോവേൽ 2:32). ക്രിസ്തു കഷ്ടം അനുഭവിക്കുകയും മൂന്നാം നാൾ മരിച്ചവരിൽ നിന്നും ഉയിർത്തെഴുന്നേല്ക്കുകയും അവന്റെ നാമത്തിൽ മാനസാന്തരവും പാപമോചനവും യെരൂശലേമിൽ തുടങ്ങി സകല ജാതികളിലും പ്രസംഗിക്കയും വേണം എന്നിങ്ങനെ എഴുതിയിരിക്കുന്നു (ലൂക്കൊസ് 24:46). മറ്റൊരുത്തനിലും രക്ഷ ഇല്ല. നാം രക്ഷിക്കപ്പെടുവാൻ ആകാശത്തിൻ കീഴിൽ മനുഷ്യരുടെ ഇടയിൽ നല്കപ്പെട്ട ഏക നാമം - യേശുക്രിസ്തുവിന്റെ നാമം മാത്രം. വേറൊരു നാമവുമില്ല. (അപ്പൊ. 4:12).

ദൈവത്തോട് അകന്ന് നരകവിധിക്കു മാത്രം അർഹരായിരുന്ന നമ്മെയും അവൻ സ്നേഹിച്ചു. തന്റെ ഏകജാതനായ പുത്രനെ നമുക്കു വേണ്ടി കഷ്ടാനുഭവങ്ങളാൽ തികഞ്ഞവനാക്കി തീർത്തു. അവൻ നമുക്കുവേണ്ടി മരണം ആസ്വദിച്ചു. അവൻ മരണം അനുഭവിച്ചു. അങ്ങനെ പിതാവായ ദൈവം ക്രിസ്തുവിലും വ്യാപരിച്ചു അവനെ മരിച്ചവരുടെ ഇടയിൽ നിന്ന് ഉയിർപ്പിക്കയും സ്വർഗ്ഗത്തിൽ തന്റെ വലത്തുഭാഗത്ത് എല്ലാ വാഴ്ചയ്ക്കും അധികാരത്തിനും ശക്തിക്കും കർത്തൃത്വത്തിനും ഈ ലോകത്തിൽ മാത്രമല്ല വരുവാനുള്ളതിലും വിളിക്കപ്പെടുന്ന സകലനാമത്തിനും അത്യന്തം മീതെ ഉയർത്തുകയും സർവ്വവും അവന്റെ കാല്ക്കീഴാക്കി വെച്ച് അവനെ സർവ്വത്തിനും മീതെ തലയാക്കി എല്ലാറ്റിലും എല്ലാം നിറയ്ക്കുന്നവന്റെ നിറവായിരിക്കുന്ന അവന്റെ ശരീരമായ സഭയ്ക്ക് കൊടുക്കുകയും ചെയ്തിരിക്കുന്നു (എഫെ. 1:20,23). അങ്ങനെ യേശുവിന്റെ നാമത്തിങ്കൽ സർലോകരുടെയും ഭൂലോകരുടെയും അധോലോകരുടെയും മുഴങ്കാൽ ഒക്കെയും മടങ്ങുകയും എല്ലാ നാവും യേശുക്രിസ്തു കർത്താവ് എന്നു പിതാവായ ദൈവത്തിന്റെ മഹത്വത്തിനായി ഏറ്റുപറകയും ചെയ്യേണ്ടിവരും (ഫിലി. 2:10,11).

സങ്കീർത്തനക്കാരൻ പാടുന്നു: ഞങ്ങളുടെ കർത്താവായ യഹോവേ, നിന്റെ നാമം ഭൂമിയിലൊക്കെയും എത്ര ശ്രേഷ്ഠമായിരിക്കുന്നു (സങ്കീ. 8:1,9). അവൻ ഉന്നതനും ഉയർന്നിരിക്കുന്നവനും ശാശ്വതവാസിയും പരിശുദ്ധൻ എന്ന നാമമുള്ളവനും ആകുന്നു (യെശ. 57:15). അവന്റെ നാമം മാത്രം ഉയർന്നിരിക്കുന്നത്. അവന്റെ മഹത്വം ഭൂമിക്കും ആകാശത്തിനും മേലായിരിക്കുന്നു (സങ്കീ. 148:13). അവൻ തന്റെ ജനത്തിനു വീണ്ടെടുപ്പ് അയച്ചു. തന്റെ നിയമത്തെ എന്നേക്കുമായി കല്പിച്ചിരിക്കുന്നു. അവന്റെ നാമം വിശുദ്ധവും ഭയങ്കരവും ആകുന്നു (സങ്കീ. 111:10). സഹോദരിമാരേ, അവന്റെ വിശുദ്ധനാമത്തിൽ ആശ്രയിക്കുവാൻ എളിയവരായ നമുക്കും കൃപയാൽ ഇടയായിത്തീർന്നതു കൊണ്ട് നമ്മുടെ ഹൃദയം അവനിൽ സന്തോഷിക്കും (സങ്കീ. 33:21).

അവന്റെ നാമത്തിൽ പ്രത്യാശ വയ്ക്കുവാനും ജാതികളായിരുന്ന നമുക്കു ഭാഗ്യം

ശേഷം 10-ാം പേജിൽ

# ക്രിസ്തുയേശുവിലുള്ള ഭാവം തന്നെ നിങ്ങളിലും ഉണ്ടായിരിക്കട്ടെ (ഫിലി. 2:5)

**ജോർജ്ജ് സി. വറുഗീസ്, തിരുവനന്തപുരം**

"*മനുഷ്യന്റെ ഗർവ്വം അവനെ താഴ്ത്തികളയും; മനോവിനയമുള്ളവനോ മാനം പ്രാപിക്കും*" (സദൃ. 29:23). "*ഞാൻ സൗമ്യതയും താഴ്മയും ഉള്ളവനാകയാൽ എന്റെ നുകം ഏറ്റുകൊണ്ട് എന്നോടും പഠിപ്പിൻ*" (മത്തായി 11:29).

ഇന്ന് ദൈവജനങ്ങളുടെ ഇടയിലുണ്ടാകുന്ന പ്രശ്നങ്ങളുടെ പ്രധാനകാരണം ക്രിസ്തുവിന്റെ മനസ്സ് പലർക്കും ഇല്ല എന്നതാണ്. ക്രിസ്തുവിന്റെ മനസ്സായി അപ്പൊസ്തലൻ ഇവിടെ എടുത്തു പറഞ്ഞിരിക്കുന്നത് തന്റെ താഴ്മയാണ്. താഴ്മയുണ്ടങ്കിൽ പ്രശ്നങ്ങൾ കുറയും എന്നു മാത്രമല്ല ദൈവിക അനുഗ്രഹവും വളരെ പ്രാപിക്കുവാൻ കഴിയും. താഴ്മയുണ്ടന്ന് അഭിമാനിക്കുന്നവരും അവകാശപ്പെടുന്നവരും ഇക്കാലത്ത് വളരെയുണ്ട്. എന്നാൽ യേശു കർത്താവിന്റെ താഴ്മയുമായി താരതമ്യപ്പെടുത്തുമ്പോഴാണ് പലരും ഇതുവരെ താഴേണ്ട വിധം താണിട്ടില്ല എന്ന് മനസ്സിലാക്കുന്നത്. ക്രിസ്തു നമുക്ക് സകലത്തിന്റെയും അളവുകോൽ ആയിരുന്നു. പ്രിയരെ, ദൈവസന്നിധിയിൽ താഴേണ്ടവിധം താഴാതെ മനുഷ്യരുടെ മുമ്പിൽ വിളങ്ങേണ്ടതിന് എന്തെല്ലാം കാട്ടി കൂട്ടിയാലും അതെല്ലാം വട്ടപൂജ്യം. ദൈവസന്നിധിയിൽ താഴേണ്ടവിധം താഴാതെ എത്ര പ്രാർത്ഥിച്ചാലും മറുപടികിട്ടുകയില്ല.

ക്രിസ്തുവിന്റെ മനസ്സ് എങ്ങനെയുള്ളതാണ്? ദൈവരൂപത്തിലിരിക്കെ ദൈവത്തോട് സമത്വം മുറുകെ പിടിച്ചുകൊള്ളേണം എന്ന് വിചാരിക്കാതെ ദാസരൂപം എടുത്ത് മനഷ്യസാദൃശ്യത്തിലായി ... തന്നെത്താൻ താഴ്ത്തി .... അനുസരണമുള്ളവനായി തീർന്നു (ഫിലി. 2:4-8). തങ്ങൾ ആയിരിക്കുന്ന സ്ഥാനത്തെക്കാൾ അല്പം കൂടെ സ്വയം ഉയർത്തികാണിക്കണമെന്നും മറ്റുള്ളവർ തങ്ങളെ ഉയർത്തി ചിന്തിക്കണമെന്നുള്ള മനോഭാവമാണ് മിക്ക മനുഷ്യരിലും ഉള്ളത്. എന്നാൽ ഏറ്റം വലിയവനായിരുന്ന കർത്താവ് ഏറ്റവും ചെറിയവനായി ദാസരൂപം എടുത്ത് വേഷത്തിൽ മനുഷ്യനായി വന്നതിനാൽ ഏറ്റവും വലിയ താഴ്മയുടെ മാതൃക നമുക്ക് കാട്ടിതരികയാണ് ചെയ്തത്. ലോകത്തിൽ ജീവിച്ചിരിക്കുന്നവരിൽ യേശുകർത്താവിനെക്കാൾ വലിയവൻ ആരുമില്ല. അവനെക്കാൾ വലിയവനായ ആരും ഇനി ജനിക്കുകയുമില്ല. കാൽവറിയിൽ അവൻ മരിക്കുമ്പോൾ മനുഷ്യരെക്കാൾ താണ അവസ്ഥയിലാണ് അവൻ മരിച്ചത്. ദാവീദ് യേശുക്രിസ്തുവിന്റെ കഷ്ടാനുഭവങ്ങളെ പ്രവചന ദൃഷ്ട്യാ കണ്ട് എഴുതിയത് "*ഞാനോ മനുഷ്യനല്ല ഒരു കൃമിയത്ര, മനുഷ്യരുടെ ധിക്കാരവും ജനത്താൽ നിന്ദിതനും തന്നെ*" (സങ്കീ. 22:6). ഒരു മനുഷ്യൻ താഴ്ന്ന് താഴ്ന്ന് ഒരു പുഴുവായി തീർന്നു എന്നു പറഞ്ഞാൽ ഏറ്റവും വലിയ താഴ്ചയാണ് അവനുണ്ടായതെന്ന് നാം സമ്മതിക്കും. അങ്ങനെയെങ്കിൽ ഏറ്റവും വലിയവൻ സ്വർഗ്ഗത്തെക്കാൾ ഉന്നതൻ, സ്വർഗ്ഗത്തിനും ഭുമിക്കും നാഥൻ താണു താണു ഒരു കൃമിയെപ്പോലെ ആയി കഷ്ടം അനുഭവിച്ചു എന്നു പറഞ്ഞാൽ ആ താഴ്മയുടെ ആഴം അഗാധമല്ലയോ? തന്റെ ജനനം മുതൽ മരണം വരെ താഴ്മയാണ് അവനിൽ കാണാൻ കഴിയുന്നത്. "*നമ്മുടെ കർത്താവായ യേശുക്രിസ്തു സമ്പന്നനായിരുന്നിട്ടും തന്റെ ദാരിദ്ര്യത്താൽ നിങ്ങൾ സമ്പന്നരാകേണ്ടതിന് നിങ്ങൾ നിമിത്തം ദരിദ്രനായി തീർന്ന കൃപ നിങ്ങൾ അറിയുന്നുവല്ലോ*" (2 കൊരി. 8:9). "അരക്കാശിന് മുതലില്ലാതെ, തലചായിപ്പാൻ ഇടമില്ലാതെ, മുപ്പത്തിമൂന്നരക്കൊല്ലം പാർത്തലത്തിൽ പാർത്തല്ലോ നീ" എന്ന് കർത്തൃദാസൻ പാടിയത് ഈ തിരുവചന സത്യങ്ങളെ ഓർമ്മിപ്പിക്കുന്നു.

ഇനിയും മറ്റൊരു രംഗം പെസഹായുടെ തലേന്നാൾ രാത്രിയിൽ ശിഷ്യന്മാരുമായി പെസഹാ ഭക്ഷണത്തിനിരിക്കുമ്പോൾ നമുക്ക് കാണാൻ കഴിയും. യെഹൂദ മര്യാദപ്രകാരം താണവൻ ഉയർന്നവന്റെ കാൽ കഴുകുക എന്ന പാരമ്പര്യമാണ് അവിടെയുണ്ടായത്. പന്തിയിലുള്ള ശിഷ്യന്മാർ ഓരോരുത്തരും ഞാൻ വലിയവൻ എന്ന ചിന്തയിൽ താഴാൻ മനസ്സില്ലാതെ തലയുയർത്തി അന്യോന്യം നോക്കിയിരിക്കുമ്പോൾ അവരുടെ നടുവിലെ ഏറ്റവും വലിയവൻ എഴുന്നേറ്റ് അരയിൽ തുവർത്തു ചുറ്റി

ഒരു പാത്രത്തിൽ നിന്നും വെള്ളം പകർന്ന് ശിഷ്യന്മാരുടെ കാൽ കഴുകുവാൻ തുടങ്ങി. തങ്ങളുടെ കൂട്ടത്തിൽ ആർ വലിയവൻ എന്ന് തർക്കിക്കാറുണ്ടായിരുന്ന ശിഷ്യന്മാർ അടുത്തിരിക്കുന്ന തങ്ങളെക്കാൾ തങ്ങൾ ഒട്ടും ചെറിയവരല്ലന്ന് കണക്കു കൂട്ടി ഇരിക്കുമ്പോഴാണ് യേശു സ്വയം താഴ്ത്തി അവരുടെ കാൽ കഴുകിയത്. അവർക്ക് തലയുയർത്തി പിടിക്കാൻ പല അഭിമാന വിഷയങ്ങളും ഉണ്ടായിരിക്കണം.

മത്തായിക്ക് താൻ ഗവൺമെന്റ് ജോലി രാജിവെച്ച് സുവിശേഷവേലയ്ക്ക് ഇറങ്ങിയ ആളാണ് എന്ന ചിന്ത ആയിരിക്കാം. അന്ത്രയോസ് പലരെയും യേശുക്രിസ്തുവിങ്കലേക്ക് നയിച്ചവനും യോഹന്നാൻ യേശുവിന്റെ മാർവോടു ചാഞ്ഞിരിക്കുന്ന യേശുവിന്റെ ഏറ്റം അടുത്ത ആൾ. പത്രൊസ് അവരുടെ കൂട്ടത്തിൽ രണ്ടു വാക്ക് പറയാൻ കഴിവുള്ളവനും ഫിലിപ്പോസ് യേശുവിനോടു പോലും കണക്കുകൂട്ടി ആലോചന പറഞ്ഞുകൊടുക്കുന്നവനും, ഇസ്ക്കരിയോത്ത യൂദാ അവരുടെ ട്രഷറാറും ആണ്. ആരും ചെറിയവരല്ല എന്നചിന്ത ഇങ്ങനെ വിവിധ നിലയിൽ അവരെ ഭരിച്ചിരിക്കാൻ വളരെ സാദ്ധ്യതയുണ്ട്. ഇതുതന്നെയല്ലയോ നമ്മുടെയും പ്രശ്നം? അരയിഞ്ച് താഴാൻ മനസ്സില്ലാത്ത അവസ്ഥ. ക്രിസ്തുവിന്റെ മനസ്സും അവരിൽ ആരിലും ഇല്ല. അപ്പോൾ ഏറ്റവും വലിയവൻ കാൽകഴുകുവാൻ എഴുന്നേറ്റു. തന്നെ കാണിച്ചുകൊടുക്കുന്നവൻ ആരെന്നറിഞ്ഞിട്ടും അവന്റെയും മുൻപിൽ താണിരുന്ന് അവന്റെയും കാൽ കഴുകുവാൻ സന്നദ്ധനായ യേശുവിന്റെ താഴ്മ എത്ര വലുത്! കർത്താവു നമുക്ക് നല്ലൊരു മാതൃക കാട്ടിതന്നിരിക്കുന്നത് നാം ഒരിക്കലും വിസ്മരിക്കരുത്. "*കർത്താവും ഗുരുവുമായ ഞാൻ നിങ്ങളുടെ കാൽ കഴുകി എങ്കിൽ നിങ്ങളും തമ്മിൽ തമ്മിൽ കാൽ കഴുകേണ്ടതാകുന്നു*" (യോഹ. 13:14). പ്രിയ സഹോദരങ്ങളേ, നമ്മുടെ സഹോദരന്മാരെ സേവിക്കുന്നതിൽ ഇറങ്ങിചെല്ലുവാൻ തക്കവണ്ണം അഹന്തയോ ശത്രുതയോ നമ്മിൽ തടസ്സം നിൽക്കുന്നു എങ്കിൽ നാം ഒരിക്കലും നമ്മുടെ യജമാനനായ കർത്താവിനെക്കാൾ വലിയവരല്ല എന്ന കാര്യം നാം വിസ്മരിക്കരുത്. അയോഗ്യരും നന്മകെട്ടവരുമായവരുടെ കാൽ കഴുകുവാൻ അവൻ തന്നെത്താൻ താഴ്ത്തി. "ഇത്ര മഹാനായ ഉത്തമനായൊരുത്തനെ ഉലകിൽ കാണുമോ"!

ഇതാ നമ്മുടെ കൺമുൻപിൽ നിന്ന് വിനയത്തിന്റെ മറ്റൊരു മാതൃക. മദർ തേരേസയുടെ ജീവകാരുണ്യ പ്രവർത്തനങ്ങളെപ്പറ്റി കേൾക്കാത്തവർ ചുരുക്കും. മദർതെരേസ, തന്റെ ശുശ്രൂഷകൾ ആരംഭിക്കുമ്പോൾ വെറും 5 രൂപ മാത്രമാണ് അവരുടെ കൈവശം ഉണ്ടായിരുന്നത്. താൻ ചേരി പ്രദേശങ്ങളിലെ പാവപ്പെട്ടവരുടെ ഇടയിൽ പ്രവർത്തിക്കയും അവരിൽ ഒരാളെപ്പോലെ ജീവിക്കുകയും ചെയ്തു. ഒരിക്കൽ ഈ മദർ ഒരു ധനികനായ വ്യക്തിയെ ചെന്നുകണ്ട് പാവപ്പെട്ടകുഞ്ഞുങ്ങൾക്ക് ആഹാരത്തിനു സാമ്പത്തിക സഹായം ആവശ്യപ്പെട്ടു. ആ വ്യക്തിയാകട്ടെ ദേഷ്യം പൂണ്ട് സഹായത്തിന് വേണ്ടി നീട്ടിയ വലതുകരത്തിൽ കാർക്കിച്ചു തുപ്പുകയാണുണ്ടായത്. അമർഷമൊന്നും പ്രകടിപ്പിക്കാതെ തുപ്പലേറ്റ കൈ തന്റെ ഹൃദയത്തോട് ചേർത്ത് പിടിച്ച് ഇതെനിക്കായുള്ളതാണ് എന്നു പറഞ്ഞിട്ട് ഇടത്തെ കരം നീട്ടി ഇങ്ങനെ പറഞ്ഞു "ഇനി കുഞ്ഞുങ്ങൾക്കായി തരിക." ആ മനുഷ്യൻ അത് കേട്ടിട്ട് സ്തബ്ധനാകുകയും എളിമയോടും കൂടെ വലിയതായ ഒരു തുക കുഞ്ഞുങ്ങൾക്കായി നൽകുകയും ചെയ്തു (കടപ്പാട്). "*മനുഷ്യന്റെ ഗർവ്വം അവനെ താഴ്ത്തിക്കളയും, മനോവിനയമുള്ളവനോ മാനം പ്രാപിക്കും*" (സദൃ. 29:23) എന്ന തിരുവെഴുത്ത് ഈ കാലയളവിൽ എത്രയോ പ്രസക്തമാണ്. ഭാവിക്കേണ്ടതിന് മീതെ ഭാവിച്ചുയരാതെ ക്രിസ്തുവിനെ ഹൃദയത്തിൽ സ്വീകരിച്ചവർ യേശുകർത്താവിനെ പ്പോലെ ആയിത്തീരണം.

ഒരിക്കൽ തന്നെത്തന്നെ ഉയർത്തി കാണിക്കത്തക്ക അനേക പ്രശംസാവിഷയങ്ങൾ അപ്പൊസ്തലനായ പൗലൊസിനുണ്ടായിരുന്നു. യിസ്രായേൽ ജാതിക്കാരൻ, ബന്യാമീൻ ഗോത്രക്കാരൻ എബ്രായരിൽ നിന്ന് ജനിച്ച എബ്രായൻ, ന്യായപ്രമാണം സംബന്ധിച്ച് സഭയെ ഉപദ്രവിച്ചവൻ, ന്യായപ്രമാണത്തിലെ നീതി സംബന്ധിച്ച് അനിന്ദ്യൻ. എങ്കിലും ക്രിസ്തു ഉള്ളിൽ വന്നു കഴിഞ്ഞപ്പോൾ താൻ പറയുന്നത്, തനിക്ക് ലാഭമായിരുന്നതൊക്കെയും ക്രിസ്തു നിമിത്തം ചേതം എന്ന് എണ്ണി എന്നാണ്. ഇതെങ്ങനെ സാധിക്കും? ഞാൻ സൗമ്യതയും താഴ്മയും ഉള്ളവനാകയാൽ എന്റെ നുകം ഏറ്റുകൊണ്ട് എന്നോട് (യേശുകർത്താവിനോട്) പഠിപ്പീൻ. എന്നാൽ നിങ്ങളുടെ ആത്മാക്കൾക്ക് ആശ്വാസം കണ്ടെത്തും. എന്റെ നുകം മൃദുവും

**ശേഷം 13-ാം പേജിൽ**

**STEWARDS ASSOCIATION IN INDIA**

**4, John Armstrong Road, Richards Town, Bangalore - 560 005**

**Tel-Fax (080) 25467067 E-mail: stewards.assn@gmail.com**

**www.stewards-india.com**

**CHRISTIAN ASSEMBLIES IN INDIA**

**MEDICAL EDUCATION COMMITTEE (MEC)**

**Applications are invited for Official Sponsorships of Candidates for M.B.B.S. and Other Medical Courses in CMC, Vellore.**

This Sponsorship program is envisaged to obtain Admissions for prospective Christian (Brethren) Students in the respective Medical Fields, which in turn will enable them to serve the people through the medical professions in our Hospitals and dedicate their lives for the service and witness of the Lord. On successful completion of their Course, for which they are sponsored, Candidates are required to serve in any of our Hospitals in Narsapur (A.P.), Ambajipeta (A.P.), Sankeshwar (Karnataka) or Tiruvalla (Kerala) for a period of 2 (Two) years. We, in Stewards Association in India, through this sponsorship program, hope that the future of these Hospitals will depend on Doctors and others who are sponsored, who will devote not only two years but bestow their life time for the Service in these hospitals for the expansion of the Kingdom of Our Lord.

**Given below are the Eligibility Criteria:**

1. Members or Children of Members, of a Christian Assembly (Brethren) for a minimum of 10 (Ten) years.
2. Passed 10 +2 or equivalent examination or appearing for Final examination.
3. Recommended by the Elders of the respective Assembly, with whom, they or their parents are in fellowship.

**Process: Apply to:**

1. Christian Medical College & Hospital, Vellore with payment of relevant fees and obtain the Registration Number. This number will be cross referred in all application documents to CMC, Vellore and MEC, Bangalore.
2. Kindly go to our website www.stewards-india.com and download the SPONSERSHIP APPLICATION FORM - **SPONSORSHIP PROGRAM - CMC, VELLORE** which has to be filled up by the candidate (Incomplete / Illegible forms are liable for rejection), and send the same by Speed Post / Courier to MEC, Bangalore at the STEWARDS ASSOCIATION IN INDIA ADDREESS mentioned above in this notification.

After receipt of your filled up Sponsorship Application in this Office and after scrutiny and verification of the same, we will upload in our web site **www.stewards-india.com** the necessary prescribed Application form of CMC, Vellore meant for Sponsored Candidates along with the 'Service Obligation Bond' and the same may be down loaded, filled up and sent to us accompanied by the following documents:

1. Photocopies of the mark list from the qualifying examination or last examination passed, as may be the case, referred in the MEC application form.
2. Photocopy of the Hall Ticket issued by CMC, Vellore, if already received.
3. DD/MO for Rs. 500/- (Rupees Five Hundred Only) for the cost of Registration.

**Note:** Candidates possessing the minimum marks and other requirements stated by CMC, Vellore will only be considered. When communicating with CMC, Vellore please quote the name of the Sponsoring Body Correctly as "**CHRISTIAN ASSEMBLIES IN INDIA**".

**Adv. Raju M. Koshy M.Sc., LL.M.**

**General Secretary**

## കൺവൻഷൻ/ക്യാമ്പ്

**പത്തനംതിട്ട:** എസ്.ബി.എസ്. പത്തനംതിട്ട സെന്ററിന്റെ ക്യാമ്പ് ദൈവഹിതമായാൽ 2016 മാർച്ച് 30 വൈകിട്ട് 4 മണി മുതൽ ഏപ്രിൽ 2 ശനി 4 മണി വരെ പത്തനംതിട്ട സുവിശേഷാലയത്തിൽ വച്ച് നടത്തുവാൻ കർത്താവിലാശ്രയിച്ച് തീരുമാനിച്ചിരിക്കുന്നു. "ആരും നിങ്ങളെ തെറ്റിക്കാതിരിപ്പാൻ സൂക്ഷിച്ചുകൊൾവിൻ" എന്നതാണ് ക്യാമ്പ് തീം.

ജോസ് മാങ്കുടി, ദാനിയേൽ വർഗ്ഗീസ്, ധർമ്മരാജ്, ബിനു സാമുവേൽ, പി.ജി. ജയിംസ്, ആലിച്ചൻ ആന്റണി എന്നിവർ പ്രധാന ലീഡേഴ്സ് ആയിരിക്കും. ഏപ്രിൽ 1 വെള്ളിയാഴ്ച നടക്കുന്ന കുടുംബസംഗമത്തിൽ ചാണ്ടപിള്ള ഫിലിപ്പ് മുഖ്യപ്രഭാഷണം നടത്തും. ഏപ്രിൽ 2-ന് സുവിശേഷ റാലി ഉണ്ടായിരിക്കും. കൗൺസിലിംഗ്, കരിയർ ഗൈഡൻസ് എന്നിവ കുട്ടികൾക്ക് ക്രമീകരിച്ചിട്ടുണ്ട്. ദൈവജനം വിശേഷാൽ പ്രാർത്ഥിച്ചാലും. എന്ന് സെന്റർ സെക്രട്ടറി, നെവിൻ ടോം ജോൺ, ഫോൺ: 9747455592.

**വിമൻസ് ബൈബിൾ ക്യാമ്പ് 2016, നെല്ലിക്കുന്ന്:** സ്ഥലം: സീയോൻ ബ്രദറൺ ചർച്ച്, നെല്ലിക്കുന്ന്, തൃശ്ശൂർ; തീയതി: 2016 ഏപ്രിൽ 11 തിങ്കൾ 3.30 മുതൽ 15 വെള്ളി 3 വരെ; പ്രായം: 14 വയസ്സു മുതൽ പ്രായമുള്ളവർക്ക്; ക്യാമ്പ് ലീഡേഴ്സ്: സഹോ. സന്തോഷ് തോമസ് ജംതാര, മിസിസ്സ്. റിനു തോമസ് ജംതാര; ക്യാമ്പ് ഫീസ്: 100 രൂപ. വരുന്നവർ ബൈബിൾ, പാട്ടുപുസ്തകം, നോട്ടുബുക്ക്, പേന മുതലായവ കൊണ്ടുവരണം. കൂടുതൽ വിവരങ്ങൾക്ക്, മറിയാമ്മ ജയിംസ്, ചീരൻ ഹൗസ്, നെല്ലികുന്ന്, തൃശ്ശൂർ. ഫോൺ: 04872427957.

**പൂയപ്പള്ളി:** ഈ വർഷത്തെ സുവിശേഷയോഗം ഏപ്രിൽ 7 വ്യാഴം മുതൽ 10 ഞായർ വരെ ബ്രദറൺ സഭാഹാൾ അങ്കണത്തിൽ തയ്യാറാക്കുന്ന പന്തലിൽ വച്ചു നടത്തുവാൻ ആഗ്രഹിക്കുന്നു. പ്രസംഗകരായി ചാണ്ടപ്പിള്ള ഫിലിപ്പ്, എബി കെ. ജോർജ്ജ്, പി.ജി. ജയിംസ് എന്നിവർ ഉണ്ടായിരിക്കും. ഗാനശുശ്രൂഷയും ഉണ്ടായിരിക്കുന്നതാണ്. സഭയ്ക്കു വേണ്ടി, സി. മത്തായി, ലൂക്കോസ് മത്തായി, സി. തങ്കച്ചൻ.

## അഭ്യർത്ഥന

**ജാൻസി (ഉത്തർപ്രദേശ്):** 1990 മുതൽ ജാൻസി ജില്ലയുടെ തൊട്ടടുത്ത ജില്ലയായ ജാലൂണിൽ തുടർച്ചയായി സുവിശേഷപ്രവർത്തനം ചെയ്തു. ഇതര പശ്ചായത്തലത്തിൽ നിന്ന് 18 പേർ കർത്താവായ യേശുക്രിസ്തുവിനെ സ്വന്തരക്ഷിതാവായി സ്വികരിച്ച് സ്നാനപ്പെട്ട് കർത്തൃമേശയിൽ പങ്കുകൊള്ളുന്നു. കൂടാതെ കേരളക്കാരായ 5 വിശ്വാസികൾകൂടി കോഞ്ച് സഭയിലുണ്ട്. ഇപ്പോൾ ഒരു സ്കൂളിന്റെ ക്ലാസ്സ് മുറിയിലാണ് ആരാധന നടക്കുന്നത്. അതിനാൽ പലവിധ പരിമിതികൾ ഉണ്ട്. ഇവിടെയുള്ള വിശ്വാസികളുടെ പ്രാർത്ഥനയുടെയും പരിശ്രമത്തിന്റെയും ഫലമായി 20X40 അടി വിസ്താരമുള്ള ഒരു സഭാ ഹോൾ ഉണ്ടാക്കുവാനുള്ള ശ്രമത്തിലാണ്. ഇവിടെയുള്ള ഭൂരിഭാഗം വിശ്വാസികളും കൂലിപ്പണിക്കാരാണ്. അതിനാൽ സഭാ ഹോളിന് ആവശ്യമായ പണം സമാഹരിക്കുന്നതിന് ഇവരാൽ അസാദ്ധ്യമാണ്. എന്നാൽ ഈ എളിയ വിശ്വാസികളുടെ ദാനം കൊണ്ട് സഭാ ഹാളിന് ആവശ്യമായ സ്ഥലം വാങ്ങുവാൻ കൃപയാലിടയായി. കോഞ്ച്, ജാലൂൺ ജില്ലയുടെ ഒരു തഹസിലാണ്. ഈ ജാലൂൺ ജില്ലയിൽ ഒരു സഭയുടെയും ആരാധനാ സ്ഥലം പോലുമില്ല. ഇതു വായിക്കുന്ന സഹവിശ്വാസികൾ ഈ വിഷയം ആത്മാർത്ഥതയോടെ തുടർച്ചയായി പ്രാർത്ഥിച്ച് കർത്താവ് തരുന്ന പ്രേരണ അനുസരിച്ച് പ്രവർത്തിച്ചാലും. Bank Details: Indian Overseas Bank, Jhansi, Name of the Account: Believers Brethren Assembly, Account No. 056501000022510, IFS Code: IOBA0000565. കൂട്ടായ്മ അയ്ക്കുന്നവർ Believers Brethren Assembly എന്ന പേരിൽ താഴെക്കാണുന്ന വിലാസത്തിൽ അയച്ചാലും. Believers Brethren Assembly, C/o Philipose P.P., Gospel Home, 196, C.P. Mission Compound, Jhansi 284003, Uttar Pradesh, India. എന്ന് സഭയ്ക്കുവേണ്ടി, രവി ശങ്കർ മശി, സുനിൽ കുമാർ, ഹിർദേശ് മശി, ഫിലിപ്പോസ് പി.പി.

## വിവിധ വിഷയങ്ങൾ

**കെ.ഇ.എം. ഫണ്ടിന് വെബ് സൈറ്റ്:** കെ. ഇ. എം ഫണ്ടിന്റെ പ്രവർത്തനം സംബന്ധിച്ചുള്ള വിവരങ്ങൾ സുതാര്യമായിരിക്കണമെന്നും ഈ ശുശ്രൂഷയിൽ ദൈവജനം സഹകരിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യണമെന്നുള്ള താൽപര്യത്തിൽ ഒരു വെബ് സൈറ്റ് ആരംഭിച്ചിരിക്കുന്നു. www.kemfund.org എന്ന സൈറ്റിൽ ഫണ്ട് പ്രവർത്തനം സംബന്ധിച്ചുള്ള വിശദവിവരങ്ങൾ ലഭ്യമാണ്. ദൈവമക്കൾ ഇതു വായിക്കുകയും അഭിപ്രായങ്ങൾ അറിയിക്കുകയും ചെയ്യണമെന്ന് താൽപര്യപ്പെടുന്നു. ഇൻഡ്യയിലെ 875 ലധികം സുവിശേഷകന്മാർക്ക് വിവിധ നിലകളിൽ സഹായമെത്തിക്കുന്നതിന് കർത്താവ് ഈ പ്രവർത്തനത്തെ ഉപയോഗിക്കുന്നതോർത്ത് ദൈവത്തെ മഹത്വപ്പെടുത്തുന്നു. കെ. ഇ. എം ഫണ്ടിനെയും ഈ ശുശ്രൂഷയെയും ദൈവകരങ്ങളിൽ ഭരമേല്പിച്ച് പ്രാർത്ഥിക്കുമല്ലോ. കെ. ഇ. എം. ഫണ്ട് കമ്മറ്റിക്കു വേണ്ടി, സെക്രട്ടറി പി. ഇ. സാംകുട്ടി.

**പാലാ:** പാലായിൽ എൻട്രൻസ് കോച്ചിംഗിനും മറ്റ് കോഴ്സുകൾക്കും വരുന്ന പെൺകുട്ടികൾക്ക് വേണ്ടി നല്ല നിലവാരത്തോടെ ഒരു ഹോസ്റ്റൽ നമ്മുടെ ഒരു വിശ്വാസ കുടുംബം നടത്തുന്നു. ആരാധനയ്ക്കും മറ്റും സൗകര്യം ഒരുക്കിക്കൊടുക്കുന്നു. ബന്ധപ്പെടേണ്ട ഫോൺ: ജോൺ വർഗീസ് 04822206258, 8592083960, എന്ന് സുവി. പി. വി. രാജു.

**Brethren Theological College, Kallissery:** Dear Brothers and Sisters in Christ, BTC invites application from the candidates who wants to study Bachelor of Theology (BTh) in the 2016 batch. Course: BTh (Bachelor of Theology); Duration: 3 years; Eligibility: Plus Two Passed/ Equivalent/ Two years training ompleted from any theological institution after 10th class; Applicants must be born again, a member of brethren assemblies, and having a real passionfor God's word; Free food, Boarding & Tution; Classes begin from first week of June. For Application Contact: Brethren Theological College, Post Box No.15, Kallissery P.O., Alappuzha, 689124, Phone: 9947193528.

## പുസ്തകപരിചയം

1. ഡോ. സൈലസ് സി. നായർ രചിച്ച **"നിസ്തുലനായ ക്രിസ്തു"** എന്ന ഗ്രന്ഥത്തിന്റെ കോപ്പികൾ ലഭ്യമാണ്. യേശുക്രിസ്തുവിന്റെ പൂർവ്വാസ്ഥിക്യം, വ്യക്തിത്വം, ജഡാവതാരം, ദൈവത്വം, മനുഷ്യത്വം, മരണം, പുനരുത്ഥാനം, സ്വർഗ്ഗാരോഹണം ഇന്നത്തെ ശുശ്രൂഷ എന്നീ വിഷയങ്ങളെ

## ANNEXURE

I, C.A. George declare that I am the publisher of the News paper entitled Athma Prakashini to be printed and published at Kumbanad and the particulars in respect of the news papers given hereunder are true to the best of my knowledge and belief.

| | | |
|---|---|---|
| 1. | Tittle of the news Paper | : Athmaprakashini |
| 2. | Languages (s) in which it is (To be published) | : Malayalam |
| 3. | Periodicity of the publication | |
| a. | Whether, Daily, Triweekly, fortnightly or other wise | : Monthly |
| b. | In the case news paper other than a daily please state whether the days (date which it is to be published) | : 10th of every month |
| 4. | Retail selling price of the news paper is for free distribution please state that it is for free distribution | : Rs.100/- Annually |
| 5. | Publisher's name | : C.A.George |
| 6. | Printer's name | : C.A.George |
| 7. | Place of Publication (Please give the complete address) | : Kumbanad |
| 8. | Names (s) of the printing press whether the printing is to be conducted and the true and description of premises on which the press(es) is /are installed. | : Evangel Press, Thiruvalla |
| 9. | Editor Name | : Dr. O.M.Samuel |
| 10. | Associate Editors | : K.A. Philip, Dr. K.C. Johnson |
| a. | Please state the particulars of individuals or of the firm joint stock companies trust Co-operative societies Association which owned the news paper. | : Athmaprakashini Publications Kumbanad 689 547 |
| 11. | Please state the decleration in respect of a) News Paper, b) an existing, c) Incase the declaration falls under d) The reason for filling the fresh declaration. | : Existing |
| 12. | Designation | : Sd/ |

**Kumbanad**
**10-3-2016**

**C.A.George**
**Publisher**

വചനാടിസ്ഥാനത്തിൽ ആധികാരികമായി വിവരിച്ചിരിക്കുന്ന 167 പേജുകളുള്ള പുസ്തകവില 100/-. പുസ്തകപ്രസിദ്ധികരണം ബഥനി ബൈബിൾ സ്കൂൾ കുമ്പനാട് ആണ് നിർവഹിച്ചിരിക്കുന്നത്. ഈ പുസ്തകത്തിൽ നിന്നും ലഭിക്കുന്ന തുക മുഴുവനും ബഥനി ബൈബിൾ സ്കൂൾ പ്രവർത്തനങ്ങൾക്കായി ഉപയോഗിക്കുന്നതാണ്. കൂടുതൽ കോപ്പികൾ എടുക്കുന്നവർക്ക് ആകർഷകമായ കമ്മിഷൻ നല്കുന്നതാണ്. ബന്ധപ്പെടുക: ബഥനി ബൈബിൾ സ്കൂൾ, പി.ബി. നമ്പർ 45, കുമ്പനാട്, 689547, തിരുവല്ല, ഫോൺ: 04692664314, 9947740176.

**2.** ഡോ. ഉമ്മൻ ഫിലിപ്പ് രചിച്ച **ചലഞ്ചസ് ഇൻ ക്രിസ്ത്യൻ കൗൺസെലിംഗ്** എന്ന പുതിയ ഇംഗ്ളീഷ് ഗ്രന്ഥം ഫെബ്രുവരി 20-നു നടന്ന പത്തനംതിട്ട ബ്രദ്റൺ ബൈബിൾ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ബിരുദദാന സമ്മേളനത്തിൽ പ്രകാശനം ചെയ്തു. ക്രിസ്തീയ ശുശ്രൂഷകളിൽ ഏർപ്പെട്ടിരിക്കുന്ന ഏവർക്കും അവരുടെ ശുശ്രൂഷകളിൽ ഈ പുസ്തകം പ്രയോജനപ്പെടും. പത്തനംതിട്ട ബ്രദ്റൺ ബൈബിൾ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിച്ചിരിക്കുന്ന ഈ പുസ്തകത്തിൽനിന്നും ലഭിക്കുന്ന തുക മുഴുവനും ബൈബിൾ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനങ്ങൾക്കായി ഉപയോഗിക്കുന്നതാണ്. വില. 200 രൂപ; വിദേശത്തേക്ക്: 20 ഡോളർ. ഈ പുസ്തകം ലഭിക്കുന്ന സ്ഥലങ്ങൾ: 1. Brethren Bible Institute, P.O. Box 46, Pathanamthitta, Kerala, India - 689 645. Tel: +91-468-2224045 (Mr. C.A. Samuel); +91-9447265500 (Dr. K.C. Johnson) E-mail: bbipathanamthitta@gmail.com 2. Dr. Oommen Philip, Trivandrum Tel: +91-9895578487; E-mail: oommenphilip@yahoo.com 2. Bro. Mathew Philip, Trivandrum (Tel: +91-9895558656)

**3.** സഹോ. കെ.ജി. ചാക്കോ പത്തനാപുരം രചിച്ച **"വെളിപ്പാടു പുസ്തകം - ഒരു പഠനം"** എന്ന കൃതി 2.2.2016-ന് കലഞ്ഞൂർ ബ്രദറൺ സഭാഹാളിൽ കൂടിയ സുവിശേഷകന്മാരുടെ സമ്മേളനത്തിൽ സുവി. സാം സഖറിയ പ്രകാശനം ചെയ്തു. വെളിപ്പാടു പുസ്തകത്തെ അടിസ്ഥാനമാക്കി ദൈവമക്കൾ അറിഞ്ഞിരിക്കേണ്ട ഭാവികാല സംഭവങ്ങൾ വിശദീകരിച്ചിരിക്കുന്നു. 144 പേജുകളുള്ള പുസ്തകത്തിന്റെ വിലയായ 120 രൂപ മണി ഓഡർ അയയ്ക്കുന്നവർക്ക് സൗജന്യമായി രജിസ്റ്റേർഡ് പാർസലായി അയച്ചു കൊടുക്കുന്നതാണ്. 10-ൽ കൂടുതൽ കോപ്പികൾ നേരിട്ട് വാങ്ങുന്നവർക്ക് 30% കമ്മിഷൻ നല്കുന്നതാണ്. പുസ്തകം ആവശ്യപ്പെടേണ്ട വിലാസം: K.G. Chacko, Retired Headmaster, Panachamoottil Ebenezer, Salempuram, Pathanapuram.P.O., 689695, Phone: 0475 2353022, 9447503278.

# വാർത്തകൾ, കുറിപ്പുകൾ

## പ്രാർത്ഥനയ്ക്കും സ്തോത്രത്തിനും

**യുവാക്കന്മാർക്കുള്ള ഹ്രസ്വകാല ബൈബിൾ സ്ക്കൂൾ, പത്തനംതിട്ട**: പത്തനംതിട്ട ബ്രദറൺ ബൈബിൾ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ആഭിമുഖ്യത്തിൽ 14 വയസ്സു മുതൽ 25 വയസ്സുവരെയുള്ള യുവാക്കന്മാർക്കുവേണ്ടി ഒരു ഹ്രസ്വകാല ബൈബിൾ സ്ക്കൂൾ പത്തനംതിട്ട സുവിശേഷാലയത്തിൽ വീണ്ടും നടത്തപ്പെടുന്നതാണ്. 10, 12, ഡിഗ്രി തുടങ്ങിയ പഠനത്തിനുശേഷം തുടർന്നു പഠിക്കുന്നതിനു അഡ്മിഷനുവേണ്ടി കാത്തിരിക്കുന്ന യുവാക്കന്മാർക്ക് ഇതിൽ ചേർന്നു പഠിക്കാവുന്നതാണ്.

**തീയതി: 2016 ഏപ്രിൽ 11 തിങ്കൾ മുതൽ ഏപ്രിൽ 28 വ്യാഴം വരെ**

**സമയം: ദിവസവും രാവിലെ 9 മുതൽ ഉച്ചയ്ക്ക് ശേഷം 3:30 വരെ**

**സ്ഥലം: സുവിശേഷാലയം, പത്തനംതിട്ട**

**മാധ്യമം: ഇംഗ്ലീഷ്**

കഴിഞ്ഞ വർഷങ്ങളിൽ പഠിച്ചവർക്കും പങ്കെടുക്കത്തക്ക നിലയിലുള്ള പാഠ്യക്രമമാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ഈ വർഷം ആദ്യമായി ചേർന്നു പഠിക്കാൻ ആഗ്രഹിക്കുന്നവർക്കും പ്രവേശനമുണ്ടായിരിക്കും. ആദ്യം രജിസ്റ്റർ ചെയ്യുന്ന 30 പേർക്കു മാത്രമേ ഹോസ്റ്റൽ സൗകര്യം ലഭിക്കുകയുള്ളൂ. ആയതിനാൽ ഇന്നു തന്നെ +919447265500 എന്ന നമ്പറിൽ വിളിച്ച് നിങ്ങളുടെ സീറ്റ് ഉറപ്പാക്കുക. (സെക്രട്ടറി: ഒ. റ്റി. ചെറിയാൻ)

**തൊടുപുഴ:** മുണ്ടൻമല സഭയിലെ തമ്പി കെ. ഐ-യുടെ ചുമതലയിൽ തൊടുപുഴക്ക് അടുത്തുള്ള ആനക്കയം, അഞ്ചിരി, ഇഞ്ചിയാനി, കലയന്താനി, വെട്ടിമറ്റം എന്നീ പ്രദേശങ്ങളിൽ കഴിഞ്ഞ മൂന്നു വർഷമായി ഒരു പുതിയ സ്ഥലം സഭാ രൂപികരണം ലക്ഷ്യമാക്കി പ്രവർത്തനങ്ങൾ നടന്നുവരുന്നു. സുവിശേഷകന്മാരായ രാജൻ എം. എ, വറുഗീസ് മാത്യു, ജോമോൻ വറുഗീസ് എന്നിവർ പ്രവർത്തനങ്ങളിൽ സജീവമായി സഹകരിച്ചുവരുന്നു. ഒരു സ്ഥലം സഭാ രൂപികരണം നടക്കുവാൻ വേണ്ടി ദൈവമക്കളുടെ വിലയേറിയ പ്രാർത്ഥന ക്ഷണിച്ചുകൊള്ളുന്നു (തമ്പി കെ. ഐ. ഫോൺ 8281416103)

**ബഥനി ബൈബിൾ സ്കൂൾ, കുമ്പനാട്**: ബൈബിൾ സ്കൂളിന്റെ 67-ാമത് ബാച്ചിന്റെ സുവിശേഷക്യാമ്പ് 2016 ഫെബ്രു. 1-7 വരെ പാമ്പാക്കുട (മൂവാറ്റുപുഴ) ക്രിസ്റ്റ്യൻ ബ്രദറൺ സഭയുടെ സഹകരണത്തിൽ കുളങ്ങരപടി, മാമ്മലശ്ശേരി, പാമ്പാക്കുട എന്നീ സ്ഥലങ്ങൾ കേന്ദ്രീകരിച്ച് നടത്തപ്പെട്ടു. ഈ ദിവസങ്ങളിൽ ഏകദേശം 209 ഭവനങ്ങൾ സന്ദർശിച്ച് സുവിശേഷം അറിയിച്ചു. 13 സ്ഥലങ്ങളിൽ പരസ്യയോഗങ്ങൾ നടത്തുവാൻ ഇടയായി. രാത്രിയോഗങ്ങളിൽ ബൈബിൾ സ്കൂൾ വിദ്യാർത്ഥികളെ കൂടാതെ സുവി. പി.ജി. ജയിംസ്, ചാണ്ടപിള്ള ഫിലിപ്പ്, ബിനോയ് മാണി, വർഗീസ് കെ. കുര്യൻ, ഡോ. കെ.സി. ജോൺസൺ എന്നിവർ സുവിശേഷം അറിയിച്ചു. ഈ പ്രവർത്തനം മൂലം 21 പേർ പരസ്യമായി കർത്താവിനെ സ്വന്ത രക്ഷിതാവായി ഏറ്റുപറഞ്ഞു സ്വീകരിച്ചു. 23 പേർ കൂടുതൽ കാര്യങ്ങൾ അറിയുവാനുള്ള താല്പര്യം കാണിക്കുകയുണ്ടായി. സ്ഥലം സഭാ വിശ്വാസികൾ അനുധാവന പ്രവർത്തനങ്ങൾ നടത്തുന്നതായിരിക്കും. സുവി. ബിനോയി മാണി അവിടെ പ്രവർത്തിക്കുന്നു. സ്കൂളിന്റെ 67-ാമത് ബാച്ച് 2016 മാർച്ച് അവസാനത്തോടുകൂടി പര്യാവസാനിക്കുകയാണ്.

**ബഥനി ബൈബിൾ സ്കൂൾ 68-ാമത് ബാച്ച്:** ദൈവഹിതമായാൽ 68-ാമത് ബാച്ച് 2016 ജൂൺ 6-ന് ആരംഭിക്കുവാൻ തീരുമാനിച്ചിരിക്കുന്നു. ബഥനി ബൈബിൾ സ്കൂൾ 68-ാമത് ബാച്ചിൽ പ്രവേശനം ആഗ്രഹിക്കുന്നവർ അപേക്ഷാഫാറത്തിനും പ്രോസ്പക്റ്റസിനും വേണ്ടി എഴുതുക. ബൈബിൾ സ്കൂൾ പ്രവർത്തനങ്ങളെ ഓർത്ത് പ്രാർത്ഥിക്കുകയും യുവ സഹോദരന്മാരെ പ്രോത്സാഹിപ്പിച്ച് അയയ്ക്കുകയും ചെയ്യണമെ. വിലാസം: സെക്രട്ടറി, ബഥനി ബൈബിൾ സ്കൂൾ, പി.ബി. നമ്പർ 45, കുമ്പനാട് 689547, ഫോൺ: 0469 2664314, 9947740176.

**ആലക്കോട്:** ആലക്കോട് ബ്രദറൺ സഭയിലെ വിശ്വാസികളുടെ കുഞ്ഞുങ്ങൾ 5 പേരുടെ സ്നാനം 2016 ഫെബ്രു. 7-ന് സുവി. കെ. എം. ജോൺ തളിപറമ്പ് നിർവഹിക്കുകയുണ്ടായി. സ്നാനപ്പെട്ട കുഞ്ഞുങ്ങൾക്കുവേണ്ടിയും സഭയുടെ നിലനിൽപ്പിനായും പ്രാർത്ഥിക്കണമേ. സഭയ്ക്കു വേണ്ടി, സുവി. വി. എം. മാത്യു.

**കുടുംബ സംഗമം, വാണിയംകുളം:** ക്രിസ്ത്യൻ ബ്രദറൺ സഭയുടെ നേതൃത്വത്തിൽ 2016 ജനുവരി 26-ന് 9.30 മുതൽ കുടുംബസംഗമവും സണ്ടേസ്കൂൾ വാർഷികവും സഭാഹാളിൽ നടന്നു. തൃശൂർകിഴക്കേകോട്ടയിലെ സുവി. എം. എ. ജോസ് അധ്യക്ഷത വഹിച്ചു. വിവിധ വിഷയങ്ങളെ ഓർത്തു പ്രാർത്ഥിക്കാൻ ദൈവം സഹായിച്ചു. ഉച്ചയ്ക്ക്ശേഷം നടന്ന സണ്ടേസ്കൂൾ വാർഷികത്തിൽ സുവി. എം.എ. ജോസ് വചനത്തിൽനിന്നും സംസാരിക്കുകയും ബൈബിൾ സംബന്ധമായ സംശയങ്ങൾക്ക് മറുപടി നൽകുകയും ചെയ്തു. സഭയിലെ കുടുംബങ്ങളുംജോലിക്കായി വിദേശങ്ങളിലേക്ക് പോയവരും വിവാഹം ചെയ്ത് അയച്ചവരും സംഗമത്തിൽ പങ്കെടുത്തു. വിശ്വാസികളുടെ ആത്മീയ വളർച്ചയ്ക്കും ഉന്നമനത്തിനും കുടുംബസംഗമം കാരണമായിത്തീർന്നു. കിഴക്കേകോട്ടയിൽ നിന്നും സുവിശേഷകന്മാരും സഹോദരന്മാരും മാസത്തിലൊരിക്കൽ വാണിയംകുളം സഭയോട് ചേർന്ന് സമീപ പ്രദേശങ്ങളിൽ സുവിശേഷ പ്രവർത്തനവും ഭവന സന്ദർശനവും നടത്തിവരുന്നു. ഏപ്രിൽ മാസത്തിൽ വി.ബി.എസ്. നടത്താനുള്ള ക്രമീകരണങ്ങൾ ചെയ്തുവരുന്നു. വിശ്വാസസമൂഹത്തിന്റെ പ്രാർത്ഥനയും സഹകരണവും അപേക്ഷിക്കുന്നു. സഭയ്ക്കുവേണ്ടി പി. ജി. ശാമുവേൽ, വി.ജെ. ജോസഫ് (9605609608).

**സഹോദരിമാർക്കായുള്ള ഹ്രസ്വകാല വചനപഠനകോഴ്സ്, പത്തനംതിട്ട**: പത്തനംതിട്ട ബ്രദറൺ ബൈബിൾ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ചുമതലയിൽ സഹോദരിമാർക്കായി നാല് ആഴ്ച ദൈർഘ്യമുള്ള ഒരു ഹ്രസ്വകാല വചനപഠനകോഴ്സ് വീണ്ടും ആരംഭിക്കുന്ന വിവരം സന്തോഷത്തോടെ അറിയിക്കുന്നു. വചനപഠനത്തോടൊപ്പം ഗൃഹഭരണം, ആരോഗ്യ പരിപാലനം, ദാമ്പത്യജീവിത ഭദ്രതാപാഠങ്ങൾ, ആദിയായ വിഷയങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടാണ് ഹ്രസ്വകാല കോഴ്സ് നടത്തപ്പെടുന്നത്. കഴിഞ്ഞ വർഷങ്ങളിൽ പഠിച്ചവർക്കും പങ്കെടുക്കത്തക്ക നിലയിലുള്ള പാഠ്യക്രമമാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ഈ വർഷം ആദ്യമായി ചേർന്നു പഠിക്കാൻ ആഗ്രഹിക്കുന്നവർക്കും പ്രവേശനമുണ്ടായിരിക്കും.

**തീയതി: 2016 ഏപ്രിൽ 18 തിങ്കൾ മുതൽ മേയ് 13 വെള്ളി വരെ**

**സമയം: ദിവസവും രാവിലെ 9:30 മുതൽ ഉച്ചയ്ക്ക് 12:40 വരെ**

**സ്ഥലം: സുവിശേഷാലയം, പത്തനംതിട്ട**

താല്പര്യമുള്ളവർ **ഏപ്രിൽ 18-ാം തീയതി രാവിലെ 9:30-നു** മുമ്പ് സുവിശേഷാലയത്തിൽ എത്തിച്ചേരേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് **9961318605, 9447265500** എന്നീ നമ്പരിൽ വിളിക്കുക. (സെക്രട്ടറി: ഒ. റ്റി. ചെറിയാൻ)

**മേലുകാവ്മറ്റം:** മധുര ഹാപ്പി മെലഡി ടീമിന്റെ സഹകരണത്തിലും സഭയുടെ ചുമതലയിലും 2016 ഫെബ്രു. 19,20 ദിവസങ്ങളിൽ മേലുകാവ്, നീലൂർ എന്നീ സ്ഥലങ്ങളിൽ സംഗീതസായാഹ്നവും സുവിശേഷ പ്രഭാഷണവും നടത്തുവാൻ കർത്താവ് കൃപ ചെയ്തു. സുവി. കെ.വി. തോമസ്, സുവി. പി.എം. ജോർജ്കുട്ടി എന്നിവർ യോഗങ്ങളിൽ വചനം സംസാരിച്ചു. രണ്ട് ദിവസങ്ങളിലും പ്രസ്തുത സ്ഥലങ്ങളിൽ ഭവനസന്ദർശനവും പരസ്യയോഗങ്ങളും നടന്നു. ചിലർ കർത്താവിനെ ഏറ്റുപറഞ്ഞ് സ്വീകരിച്ചിട്ടുണ്ട്. സുവിശേഷകന്മാരായ കെ.എം. ബേബി, ആന്റണി ഫിലിപ്പ്, കെ.സി. സാബു, ജോസ് ആനക്കല്ല് എന്നിവർ പരസ്യയോഗങ്ങളിൽ വചനം സംസാരിച്ചു. 20-ാം തീയതി ശനിയാഴ്ച കോട്ടയം സെന്റർ വൈ.എം.ഇ.എഫ് ന്റെ സഹകരണത്തിൽ നീലൂർവച്ച് ഏകദിനപ്രവർത്തനവും നടന്നു. വിതയ്ക്കപ്പെട്ട വചനം ഫലമണിയുവാൻ, ആത്മാക്കൾ രക്ഷിക്കപ്പെടുവാൻ ഇടയാകേണ്ടതിന് ദൈവജനത്തിന്റെ ശ്രദ്ധയേറിയ പ്രാർത്ഥന അഭ്യർത്ഥിക്കുന്നു. സഭയ്ക്കുവേണ്ടി, സുവി. റ്റി.വി. മാത്യു, കെ.ജി. രാമൻകുട്ടി.

**ബ്രദറൺ അസംബ്ലി വൈറ്റില:** 2013 മുതൽ കൊച്ചി കേന്ദ്രമാക്കി ഉത്തമപാളയം സഭയുടെ ചുമതലയിലും ബ്രദറൺ ഗോസ്പൽ ടീം ഉത്തമപാളയത്തിന്റെ സഹകരണത്തിലും കൊച്ചി പ്രദേശങ്ങളിലുള്ള സഹോദരന്മാരുടെ ഐക്യത്തിലും വിവിധ ഭാഷക്കാരുടെ ഇടയിൽ സുവിശേഷ പ്രവർത്തനങ്ങൾ നടത്തിയതിന്റെ ഫലമായി ചില വ്യക്തികൾ രക്ഷിക്കപ്പെടുവാനും കർത്താവിനെ ജലത്തിൽ സാക്ഷീകരിപ്പാനും ദൈവം കൃപചെയ്തു. 13.2.2016 ശനിയാഴ്ച സ്നാനശുശ്രൂഷ നടന്നു. 14.2.2016 ഞായറാഴ്ച നടന്ന ആരാധനയോഗത്തോടുകൂടി ബ്രദറൺ അസംബ്ലി വൈറ്റില എന്ന പേരിൽ കൂടിവരവ് ആരംഭിക്കുന്നതിന് കർത്താവ് കൃപ ചെയ്തു. സ്നാനശുശ്രൂഷയും ആരാധനയ്ക്ക് ശേഷമുള്ള വചനശുശ്രൂഷയും സുവി. എ. എം. പ്രസാദ് നിർവ്വഹിച്ചു. അയൽ സഭകളിൽ നിന്നും സഹോദരിസഹോദരന്മാരും പങ്കെടുത്തു. സുവി. ജോസ് തോമസ് കൊച്ചിയിൽ കുടുംബമായി താമസിച്ച് പ്രവർത്തനങ്ങൾക്ക് ചുമതല വഹിക്കുന്നു. ആരംഭിക്കപ്പെട്ട സഭയേയും പ്രവർത്തനങ്ങളെയും ദൈവജനം പ്രാർത്ഥനയിൽ ഓർത്താലും. സഭയ്ക്കു വേണ്ടി, സുവി. ജോസ് തോമസ്, W No.XXIII H.No. 302, Near SBT Thiruvamkulam P.O, Ernakulam, Kerala, 682305, Phone: 8281104009.

## രോഗികൾ

**ആലക്കോട്:** ആലക്കോട് ബ്രദറൺ സഭയിലെ സുവി. വി. എം മാത്യുവിന്റെ ഭാര്യ ഏലിയാമ്മ മാത്യുവിന് വർഷങ്ങളായി ഉണ്ടായ ഷുഗർ മുഖാന്തരം രണ്ടു കണ്ണിന്റെയും കാഴ്ച പൂർണ്ണമായി നഷ്ടപ്പെടുകയും കരൾ ചുരുങ്ങുന്ന രോഗം പിടിപെടുകയും അതു മുഖാന്തരം വയർ ഓപ്പറേഷൻ നടത്തുകയും ചെയ്തു. ഇതിനാൽ വേണ്ട വിധത്തിലുള്ള സൗഖ്യം ലഭിച്ചിട്ടില്ല. ആയതിനാൽ സാമ്പത്തികമായി വളരെ ബുദ്ധിമുട്ടിൽ കൂടെ കടന്നു പോകുന്നു. നിങ്ങളുടെ പ്രാർത്ഥനയും സഹകരണവും ആവശ്യമായിരിക്കുന്നു. സഭയ്ക്കു വേണ്ടി, വി.എം. മാത്യു, ഫോൺ: 9446668047.

**കൊല്ലിയോട്:** ഈ സ്ഥലം സഭയിലെ സഹോദരൻ നോബി വി. ആർ. കഴിഞ്ഞ 1 1/2 വർഷം കൊണ്ട് ക്യാൻസർ ചികിത്സയിൽ കഴിയുന്നു. 28 റേഡിയേഷനും 17 കീമോതെറാപ്പി കഴിഞ്ഞിട്ടും ഇടത്തേ കവിളിന്റെ ഭാഗത്ത് കാണുന്ന മുഴയ്ക്ക് വ്യത്യാസം കാണാത്തതിനാൽ ഓപ്പറേഷനു വേണ്ടി ശ്രീ ചിത്ര മെഡിക്കൽ സെന്ററിലേക്ക് മാറ്റിയിരിക്കുകയാണ്. ആയതിനാൽ ഓപ്പറേഷൻ ചെയ്യുന്നതിലൂടെ സൗഖ്യമാകുന്നതിനു വേണ്ടി സഹോദരനെ ഓർത്ത് പ്രാർത്ഥിക്കുക. സഹോദരന് ഭാര്യയും രണ്ട് കുഞ്ഞുങ്ങളുമുണ്ട്. ബ്രദറൺ സഭയ്ക്ക് വേണ്ടി, സുവി. ബോബി വി.ആർ., അശോകൻ, സുവി. ബെന്നി എ.യു. ഫോൺ: 08301875026. സഹോദരന്റെ വിലാസം: നോബി. വി. ആർ, ചേരൺ ഹൗസ്, മണലിവിളാകം, കൊല്ലിയോട്, പരശുവയ്ക്കൽ, തിരുവനന്തപുരം, 695508, ഫോൺ: 9495937478.

## കർത്തൃസന്നിധിയിൽ

**എരുമേലി:** സുവി. സി. റ്റി. ജോണിക്കുട്ടിയുടെ ഭാര്യ സൂസമ്മ (54) ഫെബ്രു. 26-ന് രാത്രി. 9:10-ന് കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. ചില മാസങ്ങളായി താൻ ക്യാൻസർ രോഗത്താൽ ബാധിതയായിരുന്നു. ഫിന്നി



RNI.No. 36067/ 81
Postal Reg. No. KL/TLA/44/2015-17 dt.17-12-14
Date of Publication : 10/3/2016
Annual Subscription Rs - 100/-

ആത്മപ്രകാശിനി

If undelivered Please return to:
Published at:
Athma Prakashini
P.B.No.10, Kumbanad, Thiruvalla
Pathanamthitta Dist.
Kerala - 689 547.
Printed and Published by
C.A.George at Evangel Press,
Thiruvalla, Pathanamthitta.
Editor: Dr. O.M.Samuel

ജോൺസൺ, സുവി. ഫെബിൻ ജോൺസൺ എന്നിവർ മക്കളാണ്. ഫെബ്രു. 29-ന് അനേകം ദൈവമക്കളുടെയും ബന്ധുമിത്രാദികളുടെയും സാന്നിദ്ധ്യ സഹകരണത്തിൽ ഉയിർപ്പിൻ പൊൻപുലരിയിൽ വീണ്ടും കാണാമെന്ന പ്രത്യാശയോടെ മൃതദേഹം സംസ്ക്കരിച്ചു. വിയോഗദുഖത്തിൽ കഴിയുന്ന കുടുംബാംഗങ്ങളെയും ബന്ധുമിത്രാദികളെയും പ്രാർത്ഥനയിൽ ഓർത്താലും.

**അയ്മനം:** അയ്മനം ബ്രദറൺ സഭാംഗമായ കൈപ്പള്ളിൽ എം.സി. മാത്യു (82) ഫെബ്രു. 5-ന് താൻ പ്രിയംവച്ച കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. ഫെബ്രു 10-ന് അയ്മനം സഭ സെമിത്തേരിയിൽ സംസ്കരിച്ചു. കുടുംബാംഗങ്ങളെ പ്രാർത്ഥനയിൽ ഓർക്കുക.



**തിരുവല്ല:** കിഴക്കൻ മുത്തൂർ പണിക്കമ്മാട്ട് ജോയി വർഗീസ് (76) കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. ഫെബ്രു. 8-ന് കിഴക്കൻമുത്തൂർ ബ്രദറൺ സഭാസെമിത്തേരിയിൽ സംസ്കരിച്ചു. ദു:ഖത്തിൽ കഴിയുന്ന കുടുംബാംഗങ്ങളെ പ്രാർത്ഥനയിൽ വഹിച്ചാലും.

**ചെങ്ങന്നൂർ:** ചിറ്റൂർ വീട്ടിൽ സി.എ. ജോർജ്ജ് (87) ഫെബ്രു. 7-ന് കർത്തൃസന്നിധിയിലേക്ക് ചേർക്കപ്പെട്ടു. ചെങ്ങന്നൂർ താലൂക്ക് സുവിശേഷീകരണ പ്രവർത്തനം ആരംഭിക്കുന്നതിനും ഈ പ്രവർത്തനത്തിന് അനേക വർഷങ്ങൾ നേതൃത്വം കൊടുക്കുന്നതിനും ദൈവം സഹോ. സി.എ. ജോർജ്ജിനെ ഉപയോഗിച്ചു. ദു:ഖിതരായിരിക്കുന്ന കുടുംബാംഗങ്ങളെ പ്രാർത്ഥനയിൽ ഓർക്കുക.



**ആനിക്കാട്:** ആനിക്കാട് ബ്രദറൺ സഭാംഗമായിരുന്ന സഹോ. ഡാനിയേൽ വർഗീസ് ജനു. 25-ന് താൻ പ്രത്യാശവെച്ചിരുന്ന കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. ജനു 30-ന് സംസ്കരച്ചു. ദു:ഖത്തിൽ കഴിയുന്ന കുടുംബാംഗങ്ങളെ പ്രാർത്ഥനയിൽ ഓർക്കുക.

**കോട്ടയം:** ഒളശ്ശ നെടുംപറമ്പിൽ അക്കാമ്മ ജോർജ്ജ് (89) കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. ഭൗതിക ശരീരം ജനു. 26-ന് സംസ്കരിച്ചു. മുംബൈയിൽ പ്രവർത്തിക്കുന്ന സുവി. ജോർജ്ജ് മാത്യു കൊച്ചുമകനാണ്. ദു:ഖത്തിലായിരിക്കുന്ന കുടുംബാംഗങ്ങളെ പ്രാർത്ഥനയിൽ ഓർക്കുക.



**എഴാംമൈൽ:** കടമ്പനാട് എഴാംമൈൽ ഹെബ്രോൻ ബ്രദറൺ സഭാംഗമായ കടമ്പനാട് കൊച്ചുവിളയിൽ ചിന്നമ്മ (84) 24. 01. 2016-ന് താൻ പ്രിയം വച്ചിരുന്ന കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. ഭൗതിക ശരീരം 26.01.2016-ൽ അനേകം വിശ്വാസികളുടേയും ബന്ധുമിത്രാദികളുടെയും സാന്നിധ്യത്തിൽ ഉയിർപ്പിൻ പ്രഭാതത്തിൽ വീണ്ടും കാണാമെന്ന പ്രത്യാശയോടെ എഴാംമൈൽ സഭാ സെമിത്തേരിയിൽ സംസ്ക്കരിച്ചു. മക്കൾ ജോയിക്കുട്ടി, വർഗ്ഗീസ്, ഇവരുടെ കുടുംബങ്ങൾ എന്നിവരുടെ ആശ്വാസത്തിനായി പ്രാർത്ഥിക്കേണമേ (സുവി. പി. ജയിംസ്, എഴാംമൈൽ. +91-9447455388).



**ചാലാപ്പള്ളി:** വളവനാട് വീട്ടിൽ പരേതനായ സുവി. വി.ഡി. മത്തായിയുടെ സഹധർമ്മിണി ഏലിയാമ്മ മത്തായി (96) ജനുവരി 22-ന് താൻ പ്രിയം വച്ച കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. 26-ന് അനേകം ദൈവമക്കളുടെ സഹകരണത്തിൽ ഉയിർപ്പിൻ പ്രഭാതത്തിൽ വീണ്ടും മാതാവിനെ കാണാമെന്ന പ്രത്യാശയിൽ കുംഭംകുളം ബ്രദറൺ സഭാസെമിത്തേരിയിൽ മൃതദേഹം സംസ്കരിച്ചു. പരേത ചുങ്കപ്പാറ പാറക്കുഴി കുടുംബാംഗമാണ്. മക്കൾ: വി.എം. ജോൺ, ജോർജ് മാത്യു, വി.എസ്. സോമൻ, സുവി. ജോൺ മാത്യു, തങ്കമ്മ, മേരി, ലീലാമ്മ, ലിസ്സി.



**BRETHREN BIBLE INSTITUTE**
**PATHANAMTHITTA, KERALA**
**A New M.Th. Programme**

BBI will be offering a new M.Th. course in Applied Linguistics and Bible Translation from the coming Academic Year. Any spiritual brothers from the Brethren assemblies with any bachelor degree can join this new programme. This course is offered in English medium. Prospectus and application forms can be had from the Office of Admissions/Academic Dean, Brethren Bible Institute, Elanthoor-Pariyaram P.O., Pathanamthitta District, Kerala, India-689 643. Prospectus and Application forms can be down loaded from our web sites <www.bbipta.com> or <www.bbionline.in>. The last date for submitting the application for this and other programmes such as B.Th. and M.Th. in Christian Theology is April 4, 2016. For more information contact Academic Dean. Mob. +91-9447265500, bbipathanamthitta@gmail.com or 0468-2224045 (O.T. Cheriyan, Secretary).